യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 ലക്കം 12 | ഡിസംബർ 2016 | വില 10 രൂപ



JEEVAMOZHIKAL
# ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)
വാല്യം 14 ഡിസംബർ 2016 ലക്കം 12

## വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും
മീറ്റിംഗുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9946509900 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിക്കുഴിയിൽ | 9495575692 |
| വയനാട് | 9656128665 |

*മൊഴിമുത്തുകൾ*

# ക്രൂശിന്റെ വചനം പ്രസംഗിക്കുക

തന്റെ സന്ദേശത്തെ ലഘൂകരിക്കാൻ ദൈവം നമ്മെ ഒരിക്കലും അനുവദിക്കുകയില്ല. യേശുക്രിസ്തുവിന്റെ ക്രൂശിന്റെ വചനം വെള്ളം ചേർക്കാതെ പ്രസംഗിക്കുന്ന ഒരു ശുശ്രൂഷകനാണ് നിങ്ങൾക്കുള്ളതെങ്കിൽ, ഞാൻ ഉത്സാഹിപ്പിക്കുന്നു, ദയവുചെയ്ത് അദ്ദേഹത്തെ ധൈര്യപ്പെടുത്തുക. അദ്ദേഹത്തെ ഓർത്തു പ്രാർത്ഥിക്കുക. ആൾക്കൂട്ടത്തെ വശീകരിക്കുന്ന പോപ്പുലർ പ്രസംഗകരെ നിങ്ങളുടെ ഇടയൻ ആശ്രയിക്കുന്നില്ല. അതോർത്ത് ദൈവത്തെ സ്തുതിക്കുക. യഥാർത്ഥമായ സുവിശേഷം ഉറപ്പോടെ പ്രസംഗിക്കുന്നിടത്ത് സ്വർഗ്ഗം തുറക്കപ്പെടും. പിശാചുക്കൾ അവിടം വിട്ട് ഓടിപ്പോകും.



-ഡേവിഡ് വിൽക്കെഴ്സൺ

## ക്രിസ്മസ് ബൾബുകൾ




യേശു അവരോട്: 'ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും' എന്നു പറഞ്ഞു. *(യോഹന്നാൻ 8:12)*

**എഡിറ്റോറിയൽ**

# രഹസ്യ നിലപാടിൽ നിന്ന് പരസ്യമായി മുന്നോട്ട്



‘ഞാൻ ലോകത്തിന്റെ വെളിച്ചമാണെ’ന്ന് അവകാശപ്പെട്ട ഒരാളാണ് യേശു. ഈ വലിയ വെളിച്ചത്തിൽ നിന്നു കൊളുത്തപ്പെട്ട കൊച്ചു വിളക്കുകളാണ് തന്നെ അനുഗമിക്കുന്ന നാം ഓരോരുത്തരും (യോഹ. 8:12).

യേശുക്രിസ്തു എന്ന ആ വലിയ വെളിച്ചവുമായി വ്യക്തിപരമായി ബന്ധപ്പെടുമ്പോഴാണു നമ്മുടെ ഉള്ളിലും ഒരു ചിരാത് തെളിയുന്നത്. ഒരു ക്രിസ്തീയകുടുംബത്തിൽ ജനിച്ചതുകൊണ്ടോ മതപരമായ ചിലകർമ്മങ്ങളുടെ ഭാഗമായതുകൊണ്ടോ ഒരുവന്റെ ഉള്ളിൽ ആ വിളക്കു തെളിയുന്നില്ല. മറിച്ച് അതു ഹൃദയപരമായ ഒരു ബന്ധമാണ്. ഒരു വെളിച്ചത്തോടു നേരിട്ടു ബന്ധപ്പെടുമ്പോൾ മാത്രമാണല്ലോ ഓരോ തിരിയും പ്രകാശിക്കുന്നത്. ഉവ്വ് അത് ഒറ്റയ്ക്കൊറ്റയ്ക്കുള്ള, വ്യക്തിപരമായ, ഒരു ബന്ധമാണ്. മരണത്തിൽനിന്നുള്ള ഉയിർപ്പായി പൗലൊസ് അതിനെ വിശദീകരിക്കുമ്പോൾ ((എഫേസ്യ 2:1) അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്കുള്ള കടന്നുവരവായി പത്രോസ് അതിനെ വിവരിക്കുന്നു (1 പത്രൊ 2:9). പക്ഷേ ജീവൻ പ്രാപിക്കണമെങ്കിലും ആ അത്ഭുതപ്രകാശം കയ്യാളണമെങ്കിലും ഒരു കാര്യം ആവശ്യമാണെന്നു പത്രോസ് അവിടെ പറയുന്നു: മനുഷ്യർ തള്ളിക്കളഞ്ഞ അവന്റെ അടുത്തേക്കു വ്യക്തിപരമായി നിങ്ങൾ വരണം (1 പത്രൊ 2:-9) ആട്ടെ, അവന്റെ അടുത്തേക്ക്, ആ വെളിച്ചത്തിലേക്ക് എങ്ങനെയാണ്, എന്തുമായാണു നമുക്ക് വരാൻ കഴിയുന്നത്? അതിന് അടിസ്ഥാനപരമായി വേണ്ടത് ഒരേയൊരു കാര്യമാണെന്ന് അവിടുന്നുതന്നെ പറഞ്ഞിട്ടുണ്ട്. അത് മറ്റൊന്നല്ല അവനവനെക്കുറിച്ചുള്ള സത്യമാണ്, സത്യസന്ധതയാണ് (യോഹ.3:21). നന്മ ചെയ്തുകൊണ്ടാണു വെളിച്ചത്തിലേക്കു വരാൻ കഴിയുന്നതെന്നാണു പൊതുവേയുള്ള ധാരണ. എന്നാൽ യേശു അങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. യോഹന്നാൻ 3:20,21 കാണുക. “തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെപകെയ്ക്കുന്നു; തന്റെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിലേയ്ക്കു വരുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ..... വെളിച്ചത്തിലേക്കു വരുന്നു.” ഇവിടെ ‘തിന്മ പ്രവർത്തിക്കുന്നവൻ വെളിച്ചത്തെ പകെയ്ക്കുന്നു’ എന്നു യേശു ആദ്യം പറഞ്ഞു. അപ്പോൾ നാം സ്വാഭാവികമായും അതിനോട് ചേർന്ന് ‘നന്മ പ്രവർത്തിക്കുന്നവൻ വെളിച്ചത്തെ സ്നേഹിക്കുന്നു.’ എന്നു പറയും എന്നല്ലേ കരുതുക?. എന്നാൽ യേശു അങ്ങനെയല്ല പറഞ്ഞത്.

തിന്മ പ്രവർത്തിക്കുന്നവൻ വെളിച്ചത്തെ പകയ്ക്കുന്നു. എന്നാൽ അവനവനെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കുന്നവന്, സത്യസന്ധനായവന്, വെളിച്ചത്തിലേയ്ക്ക് വരാൻ കഴിയും എന്നാണ് അവിടുന്നു പറഞ്ഞത് (യോഹ 3:19,21). നാം പാപിയാണെങ്കിൽ, ഒരു തെറ്റിൽ വീണെങ്കിൽ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്നു ഭാവിക്കാതെ, കപട ഭക്ത

നാകാതെ, സത്യസന്ധതയോടെ അവന്റെ അടുത്തേക്ക് വരികയാണു വേണ്ടത്. മാത്രമല്ല അങ്ങനെയേ വരാൻ കഴിയൂ എന്നുമാണ് യേശു ഇവിടെ പറഞ്ഞത്. ഈ കാര്യം യേശു മറ്റൊരിടത്തും ഊന്നി പറയുന്നുണ്ട്. നല്ല നിലത്തു വീണ വിത്തു പൂർണ്ണമായി ഫലം കൊടുക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ നല്ല നിലം 'സത്യസന്ധമായ നല്ല ഹൃദയ'മാണ് (good and honest heart) എന്ന് അവിടുന്ന് പറഞ്ഞു (ലൂക്കോസ് 8:15- ഇംഗ്ലീഷ് നോക്കുക)

ചുരുക്കത്തിൽ ഇതുവരെ പറഞ്ഞ കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: ലോകത്തിന്റെ മുഴുവൻ വെളിച്ചമായ യേശുക്രിസ്തു എന്ന ആ വലിയ പ്രകാശത്തിൽ നിന്നാണു നമ്മുടെ ഉള്ളിലും ഒരു വിളക്കു കൊളുത്തപ്പെടുന്നത്. അതിനായി നാം വ്യക്തിപരമായി താനുമായി വിശ്വാസത്തിൽ ബന്ധപ്പെടണം. മറ്റൊന്നുമല്ല, സത്യസന്ധതയാണ് ഇതിനു നമുക്കുവേണ്ടത്.

ആട്ടെ, ഇങ്ങനെ ഒരു വിളക്കുകൊളുത്തപ്പെട്ടാലോ? തുടർന്ന് ആ ജ്വാല അണയാതിരിക്കാൻ എന്താണു വേണ്ടതെന്നു കർത്താവു തന്നെ പറയുന്നുണ്ട്: "വിളക്കുകൊളുത്തീട്ട് ആരും നിലവറയിലോ പറയിൻകീഴിലോ വെക്കാതെ അകത്തുവരുന്നവർ വെളിച്ചം കാണേണ്ടതിനു തണ്ടിന്മേലത്രേ വെയ്ക്കുന്നത്" (ലൂക്കോ. 11:33).

വിളക്ക് ഒരിക്കലും വെളിച്ചത്തെക്കുറിച്ചു ലജ്ജിക്കരുത്. വിളക്ക്, തന്നിലുള്ള വെളിച്ചം എല്ലാവർക്കും കാണാവുന്ന നിലയിൽ, തണ്ടിന്മേലാണ് ആയിരിക്കേണ്ടത്. അതിനു പകരം അതു നിലവറയിൽ ഒളിച്ചിരുന്നാൽ, പറയിൻകീഴിൽ ഗുപ്തമായിരുന്നാൽ വിളക്ക് എന്ന നിലയിലുള്ള അതിന്റെ ദൗത്യം നിറവേറ്റുന്നില്ല. മാത്രമല്ല കുറച്ചുകഴിയുമ്പോൾ വെളിച്ചം എന്ന നിലയിലുള്ള അതിന്റെ നിലനില്പു പോലും അപകടത്തിലാകുകയും ചെയ്യും.

നിലവറ ഒരു രഹസ്യമായ ഒളിവിടത്തെയാണു കാണിക്കുന്നത്. പറയാകട്ടെ ഒരു അളവുപാത്രമാണ്. അതു കച്ചവടത്തെ പ്രതിനിധാനം ചെയ്യുന്നു. ഇവിടെ, വെളിച്ചത്തിൽ നിന്നും കൊളുത്തപ്പെട്ട വിളക്കു നിലവറയിലോ പറയിൻകീഴിലോ വെയ്ക്കരുതെന്ന് പറയുമ്പോൾ അങ്ങനെ വയ്ക്കാൻ സാധ്യതയുണ്ട് എന്നതിലേയ്ക്കാണല്ലോ അതു വിരൽചൂണ്ടുന്നത്. നമ്മിലുള്ള വെളിച്ചം രഹസ്യമാക്കി വെയ്ക്കുകയോ ഈ ലോകത്തിന്റെ താല്പര്യങ്ങൾകൊണ്ടു മൂടി വയ്ക്കുകയോ ചെയ്യരുത്. ചെയ്താൽ നമുക്കു മറ്റുള്ളവർക്കൊരു വെളിച്ചമാകാൻ കഴിയുകയില്ല എന്നതു മാത്രമല്ല അതിന്റെ അപകടം. അടുത്തൊരു വാക്യത്തിൽ യേശു നല്കുന്ന മുന്നറിയിപ്പു ശ്രദ്ധിക്കുക: 'ആകയാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിപ്പാൻ നോക്കുക.' (11:35) ഉവ്വ്, അതാണ് അതിന്റെ അപകടം. പറകൊണ്ട് ഏറെനേരം മൂടിവച്ചാൽ കത്താൻ അവശ്യമായ പ്രാണവായു ലഭിക്കാതെ വിളക്കുപൂർണ്ണമായും അണഞ്ഞുപോയെന്നു വരാം! നമ്മിലുള്ള വെളിച്ചം ഇരു

ശേഷം പേജ് 40 ൽ

സന്ദേശം

# പരസ്യമായ രഹസ്യം

എ. ഡബ്ല്യൂ. ടോസർ

**നി**ത്യതയുടെ വെളിച്ചത്തിൽ നോക്കിയാൽ, ഈ അവസാനമണിക്കൂറിലെ ഏറ്റവും വലിയ ആവശ്യം എന്താണ്? സഭയെ അതിന്റെ ബാബിലോന്യ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് സഭയിൽ ദൈവമഹത്വം പഴയതുപോലെ പ്രശോഭിപ്പിക്കുക എന്നതാണ് ഇന്നത്തെ ആവശ്യം.



സഭ എന്നു പറയുന്നത് അവ്യക്ത വും നിഗൂഢവുമായ ഏതോ മതപരമായ അമൂർത്തതയാണെന്നു കരുതരുത്. ലളിതമായി പറഞ്ഞാൽ നമ്മൾ ക്രിസ്ത്യാനികളാണു സഭ. നമ്മൾ ചെയ്യുന്നതാണു സഭ ചെയ്യുന്നത്. കാര്യങ്ങൾ വ്യക്തികളെ ആശ്രയിച്ചാണിരിക്കുന്നതെന്നുസാരം. സഭയുടെ മുന്നോട്ടുള്ള ഏതു ചുവടും വ്യക്തികളുടെ തലത്തിൽ നിന്നാണു

*ഒരാൾ പുരട്ടിയിരിക്കുന്ന സുഗന്ധലേപനം അതിന്റെ സ്വയം പരക്കുന്ന മണംകൊണ്ട് ശ്രദ്ധയാകർഷിക്കുന്നതുപോലെ ഒരു വ്യക്തിയിൽ വർദ്ധിച്ചുവരുന്ന ദൈവികാനുഭവം ക്രിസ്തീയ സമൂഹത്തിൽ ക്രമേണ അറിയുവാൻ ഇടയാകും.*

**ദൈവത്തെ അറിയുക എന്നതാണ് ലോകത്തിലേറ്റവും എളുപ്പമുള്ളതും അതേസമയം ഏറ്റവും പ്രയാസമുള്ളതുമായ കാര്യം. അതിനെ ഏറ്റവും എളുപ്പമുള്ളതെന്നു പറയാനുള്ള കാരണം, കഠിനമായ മാനസിക യത്നങ്ങളിലൂടെയല്ല മറിച്ച് സൗജന്യമായാണത് നൽകപ്പെടുന്നത് എന്നതുകൊണ്ടാണ്. സൂര്യപ്രകാശം തുറസ്സായ സ്ഥലത്തു സ്വതന്ത്രമായി പതിക്കുന്നതുപോലെ തുറക്കപ്പെട്ട ഹൃദയങ്ങളിൽ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം സൗജന്യമായി നൽകപ്പെടുന്നു.**

തുടങ്ങേണ്ടത്.

ദൈവമഹത്വം പുനഃസ്ഥാപിക്കാൻ നമ്മൾ, സാധാരണ ക്രിസ്ത്യാനികൾക്ക് ഇതിന് എന്തെങ്കിലും രഹസ്യം പഠിക്കേണ്ടതുണ്ടോ? വ്യക്തിപരമായ ഉണർവ്വിനു സഹായിക്കുന്ന, ഈ കാലഘട്ടത്തിൽ നമ്മുടെ സാഹചര്യത്തിൽ പ്രസക്തമായ ഏതെങ്കിലും ഫോർമുല ഉണ്ടോ? ഉണ്ട് എന്നാണ് എനിക്കു പറയുവാനുള്ള മറുപടി.

അതെന്താണെന്നു നിങ്ങൾ ചോദിച്ചേക്കാം. എന്റെ മറുപടി പലർക്കും തൃപ്തികരമായി തോന്നിയെന്നുവരികയില്ല. കാരണം അത് ദുർഗ്രാഹ്യവും നിഗൂഢവും ചിലർക്കുമാത്രം മനസ്സിലാകുന്നതുമായ എന്തെങ്കിലും ഒരു രഹസ്യമല്ല. ഈ രഹസ്യം എല്ലാവർക്കും അറിയാവുന്നതാണ്. പുരാതനവും അതേസമയം നവീനവുമായ ഈ പരസ്യമായ രഹസ്യം ഇതാണ്: ദൈവത്തെ നിങ്ങൾ തന്നെ പരിചയപ്പെടുക, അനുഭവിക്കുക.

പഠനംകൊണ്ട് ദൈവത്തെ പരിചയപ്പെടുവാൻ കഴിയുകയില്ല. സ്വാഭാവിക മനുഷ്യന്റെ ജ്ഞാനത്തിനും ദൈവത്തെ കണ്ടെത്തുവാൻ സാധ്യമല്ല.

ദൈവത്തെ അറിയുക എന്നതാണ് ലോകത്തിലേറ്റവും എളുപ്പമുള്ളതും അതേസമയം ഏറ്റവും പ്രയാസമുള്ളതുമായ കാര്യം. അതിനെ ഏറ്റവും എളുപ്പമുള്ളതെന്നു പറയാനുള്ള കാരണം, കഠിനമായ മാനസിക യത്നങ്ങളിലൂടെയല്ല മറിച്ച് സൗജന്യമായാണത് നൽകപ്പെടുന്നത് എന്നതുകൊണ്ടാണ്. സൂര്യപ്രകാശം തുറസ്സായ സ്ഥലത്തു സ്വതന്ത്രമായി പതിക്കുന്നതുപോലെ തുറക്കപ്പെട്ട ഹൃദയങ്ങളിൽ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം സൗജന്യമായി നൽകപ്പെടുന്നു.

അതേസമയം ദൈവത്തെ അറിയുന്നത് ഏറ്റവും പ്രയാസമുള്ള കാര്യം ആയിരിക്കുന്നത് എന്തുകൊണ്ടാണ്? ദൈവത്തെ പരിചയപ്പെടുന്നതിന് നാം ചില വ്യവസ്ഥകൾ പാലിക്കണം. വീണുപോയ മനുഷ്യന്റെ വഴങ്ങാത്ത സ്വഭാവത്തിന് ആ വ്യവസ്ഥകൾക്കു സ്വഭാവികമായി കീഴടങ്ങുവാൻ വിഷമമാണ്. അതുകൊണ്ടാണ് ദൈവത്തെ അറിയുന്നത് ഏറ്റവും പ്രയാസമുള്ള കാര്യമായി മാറിയിരിക്കുന്നത്.

ബൈബിൾ പഠിപ്പിക്കുന്നതും തലമുറകളായി വിശുദ്ധരായ ദൈവമനുഷ്യർ പറഞ്ഞുപോരുന്നതുമായ ആ വ്യവസ്ഥകൾ ഞാൻ ഇവിടെ ചുരുക്കമായി വിവരിക്കാം.

ഒന്ന്: പാപങ്ങളെ പൂർണമായി ഉപേക്ഷിക്കുക.

വിശുദ്ധനായ ദൈവത്തെ അശുദ്ധമായ വഴികളിലൂടെ ചരിക്കുന്ന മനുഷ്യനു കണ്ടുമുട്ടുവാൻ ആവില്ല. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും' (മത്തായി 5:8) എന്ന് യേശുക്രിസ്തു പറഞ്ഞതിന്റെ പൊരുളും ഇതുതന്നെ.

രണ്ട്: ജീവിതത്തെ മുഴുവൻ പൂർണമായി വിശ്വാസത്താൽ ക്രിസ്തുവിനു സമർപ്പിക്കുക.

ഇച്ഛയുടെ തലത്തിലും വൈകാരിക തലത്തിലും ക്രിസ്തുവുമായി ബന്ധം സ്ഥാപിക്കുകയും എല്ലാറ്റിലും അവിടുത്തെ അനുസരിക്കുന്നത് ഏകലക്ഷ്യമായി കരുതുകയും വേണം. ഇതിന്റെ ഫലമായി നാം അവിടുത്തെ കല്പനകൾ അനുസരിക്കുകയും നമ്മുടെ ക്രൂശ് എടുക്കുകയും ദൈവത്തെയും സഹജീവികളെയും സ്നേഹിക്കുകയും ചെയ്യും.

മൂന്ന്: നമ്മെത്തന്നെ പാപത്തിനു മരിച്ചവരായും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവരായും എണ്ണുക.

നമ്മുടെ മുഴുവൻ വ്യക്തിത്വത്തെയും പരിശുദ്ധാത്മാവിന്റെ ഒഴുക്കിനായി തുറന്നു കൊടുക്കണം. തുടർന്ന് ആത്മാവിൽ നടക്കുവാനും ജഡത്തിന്റെ ഇച്ഛകളെ കാലിനു കീഴിൽ മെതിച്ചു കളയുവാനും അഭ്യസിക്കണം.

നാല്: ഈ വീണുപോയ ലോകത്തിന്റെ വിലകുറഞ്ഞ മൂല്യബോധത്തെ ധൈര്യത്തോടെ നിരാകരിക്കുക. അവിശ്വാസികൾ തങ്ങളുടെ ഹൃദയം വച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്ന് ആത്മാവിൽ പൂർണ്ണമായി മാറി നില്ക്കുക.

**നമ്മുടെ പാട്ടും സാക്ഷ്യവും എഴുത്തും പ്രസംഗവുമെല്ലാം തേജോമയനായ നമ്മുടെ കർത്താവിനെ കേന്ദ്രീകരിച്ചുള്ളതായിരിക്കണം. സ്വർഗോന്നതങ്ങളിൽ പിതാവിന്റെ വലത്തുഭാഗത്തു നമ്മെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യുന്ന മഹത്വപൂർണനായ ഒരു പുരുഷനുണ്ട്. ഇവിടെ ഇപ്പോൾ നമുക്ക് അവനെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യാം.**

ദൈവം നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും ചൊരിയുന്ന പ്രകൃതിയുടെ ലളിതമായ വരദാനങ്ങൾ ആസ്വദിച്ച് സന്തുഷ്ടരായി കഴിയുവാൻ പഠിക്കണം.

അഞ്ച്: ദൈവത്തിന്റെ മഹത്വത്തെ നിരന്തരം സ്നേഹപൂർവ്വം ധ്യാനിക്കുവാൻ അഭ്യസിക്കുക.

എവിടെയും ഇന്നു മനുഷ്യനാണു ശ്രദ്ധാകേന്ദ്രം. മനുഷ്യനെ ചുറ്റിപ്പറ്റിയുള്ള കാഴ്ചപ്പാടിൽ നിന്നും മനസ്സിനെ ബോധപൂർവ്വം ക്ഷമയോടെ ദൈവത്തിങ്കലേക്കു തിരിക്കുന്ന പ്രവൃത്തിയാണിത്.

ആറ്: ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം വർദ്ധിക്കുന്തോറും സഹജീവികളെ സേവിക്കുന്നതു നമുക്കു പരമപ്രധാനമാകും. ദൈവത്തെക്കുറിച്ചുള്ള അനുഭവം വർദ്ധിക്കുമ്പോൾ അതിനെ കരുണയുടെ പ്രവൃത്തിക



## വിശുദ്ധ ജീവിതം –16

(കഴിഞ്ഞ ലക്കം തുടർച്ച..)

# സത്യം വിട്ട് വഴുതിപ്പോവുക

സാമുവൽ ലോഗൻ ബ്രെങ്കിൾ

“അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത്

അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു” (എബ്രാ. 2:1) നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കു കാരണമായ സത്യങ്ങളെ വിലയില്ലാത്തവയായി അവഗണിക്കരുത്.

(സദൃശ. 2:3–5.) സത്യത്തെ അന്വേഷിക്കുന്നവൻ വളരെ ത്യാഗം ചെയ്കയും സ്വയപരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. ദൈവശബ്ദത്തിനായി അവൻ ശ്രദ്ധയോടുകൂടെ കാത്തിരിക്കണം. അവൻ ദൈവവചനം ധ്യാനിക്കുയും പാപത്തിൽ വീഴാതിരിക്കുവാൻ കരുതിക്കൊള്ളുകയും ചെയ്യേണ്ടതുമാണ്.

രക്ഷിക്കപ്പെട്ട ഒരുവൻ സത്യത്തെ സ്നേഹിക്കുകയും സത്യത്തെ അന്വേഷിക്കുകയും ചെയ്തവനാണ്. എല്ലാറ്റെയും വിറ്റതിന്റെ ശേഷം മറഞ്ഞിരുന്ന നിധിയുള്ള വയൽ വാങ്ങിയ വ്യാപാരിയെപ്പോലെ സത്യത്തിനുവേണ്ടി സകലത്തെയും ത്യാഗം ചെയ്വാൻ അവൻ സന്നദ്ധ

---

ളായി മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാൻ നമുക്കു തോന്നും.

ദൈവവുമായുള്ള വ്യക്തിയുടെ ബന്ധത്തെക്കുറിച്ചാണ് നാം ഇതുവരെ ചിന്തിച്ചത്. പക്ഷേ ഒരാൾ പുരട്ടിയിരിക്കുന്ന സുഗന്ധലേപനം അതിന്റെ സ്വയം പരക്കുന്ന മണംകൊണ്ട് ശ്രദ്ധയാകർഷിക്കുന്നതുപോലെ ഒരു വ്യക്തിയിൽ വർദ്ധിച്ചുവരുന്ന ദൈവികാനുഭവം ക്രിസ്തീയ സമൂഹത്തിൽ ക്രമേണ അറിയുവാൻ ഇടയാകും. അപ്പോൾ ദൈവജനത്തിനിടയിൽ നാം നമ്മുടെ പുതിയ ദൈവിക പരിചയം പങ്കുവയ്ക്കുവാൻ തയ്യാറായിരിക്കണം.

സ്വകാര്യപ്രാർത്ഥനകൾ മാത്രമല്ല നമ്മുടെ പാട്ടും സാക്ഷ്യവും എഴുത്തും പ്രസംഗവുമെല്ലാം തേജോമയനായ നമ്മുടെ കർത്താവിനെ കേന്ദ്രീകരിച്ചുള്ളതായിരിക്കണം. സ്വർഗോന്നതങ്ങളിൽ പിതാവിന്റെ വലത്തുഭാഗത്തു നമ്മെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യുന്ന മഹത്വപൂർണനായ ഒരു പുരുഷനുണ്ട്. അവിടുന്നു നമ്മെ ഒരു കാലഘട്ടത്തിലേക്കു ഭൂമിയിൽ മനുഷ്യരുടെ ഇടയിലേക്ക് അയച്ചിരിക്കുന്നു. ഇവിടെ ഇപ്പോൾ നമുക്ക് അവനെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യാം.

നാണ്. അവൻ വീണുപോയാൽ എഴുന്നേല്ക്കും. തോല്‌വിയിൽ നിരാശപ്പെടുകയില്ല. ധനത്തെയും, മാനത്തെയും സുഖസന്തോഷങ്ങളെയും ത്യജിക്കുന്നതിനുള്ള സന്നദ്ധത അവനുണ്ട്.

ഇപ്രകാരം സത്യത്തെ കണ്ടെത്തുന്നതിന് പരിശ്രമവും ത്യാഗവും ആവശ്യമുള്ളതുപോലെ തന്നെ അതിനെ സൂക്ഷിക്കുന്നതിനും വളരെ ജാഗ്രത ആവശ്യമാണ്. ഒരിക്കൽ ശത്രുക്കളെ സ്നേഹിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ഒരു മനുഷ്യനെക്കുറിച്ച് ചിന്തിക്കുക. ക്രമേണ ഈ സത്യത്തിൽനിന്ന് അവൻ വഴുതുന്നത് അവൻ അറിയുന്നില്ല. അവരെ സ്നേഹിക്കണമെന്നുള്ള സത്യത്തെ മറന്നതിനാൽ അവരോടുള്ള പകയും വിദ്വേഷവും അവനിൽ കടന്നുകൂടി. വേറൊരുവൻ സാധുക്കൾക്കുവേണ്ടിയും സുവിശേഷത്തിനുവേണ്ടിയും അവന്റെ ധനം ധാരാളമായി ചെലവാക്കി. തന്റെ ആവശ്യങ്ങളെ നിറവേറ്റുന്നതിന് ദൈവത്തെ ആശ്രയിക്കുവാൻ അവൻ പഠിച്ചിരുന്നു. മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ അതോടുകൂടെ സകലവും നല്കപ്പെടുമെന്നുള്ള സത്യത്തിൽ അവൻ ഉറപ്പായി വിശ്വസിച്ചിരുന്നു. (മത്താ. 6:33). ദൈവം അവനെ മറക്കുകയോ ഉപേക്ഷിക്കുകയോ ചെയ്കയില്ല എന്നും തന്റെ സന്തതിയെ അപ്പം യാചിക്കുവാൻ വിട്ടുകളകയില്ല എന്നും അവന് അറിയാം. അവൻ സന്തോഷത്തോടുകൂടെ ദൈവത്തെ സേവിച്ചു. തന്റെ കൈകളെ തുറന്ന് ഭൂമിയിലുള്ളതിനൊക്കെയും ആഹാരം കൊടുക്കുന്ന ദൈവത്തിൽ വിശ്വസിച്ചതിനാൽ അന്നന്നത്തെ ആഹാരത്തെക്കുറിച്ച് വിചാരപ്പെടാതെ തന്റെ കൂട്ടിൽ ഇരുന്നു ദൈവത്തെ പാടി സ്തുതിക്കുന്ന കുരികിലിനെപ്പോലെ ദൈവം കൊടുക്കുന്നതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിച്ചവനത്രെ അവൻ. എന്നാൽ ഈ സത്യം വിട്ട് ക്രമേണ അവൻ വഴുതി. ഉപജീവനകാര്യങ്ങളെക്കുറിച്ച് ചിന്താഭാരമുള്ളവനായി അവൻ തനിക്കു വേണ്ടി കരുതുവാൻ തുടങ്ങി.

നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന വേറൊരു മനുഷ്യൻ ഉണ്ടായിരുന്നു. പ്രാർത്ഥന അവന്റെ സന്തോഷമായിരുന്നു. പ്രാർത്ഥന അവന്റെ ജീവനായിരുന്നു എന്നു പറയാം. 'മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കണം' എന്നുള്ള സത്യത്തിൽ നിന്ന് അവൻ ക്രമേണ വഴുതിപ്പോയി. ഇപ്പോൾ അവന് പ്രാർത്ഥന ഒരു ഭാരവും ചടങ്ങുമായിത്തീർന്നിരിക്കുന്നു.

"നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ" എബ്രാ. 10:24 എന്ന സത്യം ഗ്രഹിച്ചവനും ദൈവജനത്തോടുള്ള കൂട്ടായ്മയിൽ സന്തോഷിച്ചവനുമായ വേറൊരു മനുഷ്യൻ ആ സത്യത്തെ അവഗണിച്ചു. പ്രാർത്ഥനായോഗത്തിന്റെയും കൂട്ടായ്മയുടെയും സമയത്ത് മറ്റുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ അവനെ കാണുന്നത്.

തനിക്ക് ഏത് അവസരം ലഭിച്ചാലും അത് യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുന്നതിന് ഉപയോഗിച്ചവനും ദൈവിക കാര്യങ്ങളല്ലാതെ പൊട്ടച്ചൊല്ല്, കളിവാക്ക് ആദിയായവ ഒന്നും തന്നെ വിശുദ്ധന്മാർക്ക് ഉചിതമല്ല എന്ന് മനസ്സിലാക്കിയവനുമായ മനുഷ്യൻ ഇപ്പോൾ ആ സത്യത്തിൽ നിന്ന് വ്യതിചലിച്ചു. (എഫെ. 5:4). യഹോവ ഭക്തന്മാർ

**ഒരു വിദ്യാർത്ഥി തന്റെ പാഠപുസ്തകത്തെയും ഒരു അഭിഭാഷകൻ നിയമ ഗ്രന്ഥങ്ങളെയും വായി ക്കുന്നതുപോലെ ഒരു വിശ്വാസി ദൈവവച നത്തെ വായിച്ചു പഠിക്കേ ണ്ടതാണ്. ജോൺവെസ്ലി വേദപുസ്തകം പലപ്രാ വശ്യം വായിച്ചിരുന്നു. "ഞാൻ ഒരു പുസ്തകം മാത്രം ഉള്ള മനുഷ്യനാണ്" എന്ന് തന്റെ വാർദ്ധക്യത്തിൽ അവൻ പറഞ്ഞിട്ടുണ്ട്.**

തമ്മിൽ തമ്മിൽ സംസാരിക്കുന്നത് യഹോവ ശ്രദ്ധവെച്ചു കേട്ടു എന്നു പറഞ്ഞിരിക്കുന്നത് യഹോവയ്ക്ക് കേൾക്കുവാൻ ഇഷ്ടമുള്ള കാര്യങ്ങൾ മാത്രമാണ് അവർ പറഞ്ഞത് എന്നുള്ളതുകൊണ്ടാണ്. "മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസങ്ങളിൽ കണക്കു ബോധിപ്പിക്കേണ്ടിവരും" (മത്താ. 13:36). എന്ന് കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു. (സദൃ.18:21); "നിങ്ങളുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ" (കൊലൊ.4:6). ഈ സത്യങ്ങളെ എല്ലാം അവൻ മറന്ന്, ഇപ്പോൾ ഏതുവിഷയത്തെക്കുറിച്ചു എന്തുപറഞ്ഞാലും അതു തെറ്റാണെന്ന് അവന് കുറ്റബോധമില്ല. പാപികൾക്ക് പാപബോധം വരുത്തുന്നതും വിശ്വാസികളുടെ ഹൃദയത്തെ ഉണർത്തുന്നതും തളർന്നവരെ ശക്തീകരിക്കുന്നതും ഭീരുക്കളെ ധൈര്യപ്പെടുത്തുന്നതും എല്ലാവർക്കും ഒരുപോലെ ഉത്തേജനം നല്കുന്നതുമായ സാക്ഷ്യത്തിന്റെ വചനങ്ങൾക്ക് പകരം ഇപ്പോൾ അവന്റെ സാക്ഷ്യങ്ങൾ കേവലം പഴയകാലത്തെ പദപ്രയോഗങ്ങളും ഫലമില്ലാത്തവയുമായിത്തീർന്നിരിക്കുന്നു.

"സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം" 1 തിമൊ.2:9. എന്നുള്ളതു സഹോദരിമാർ മറന്നു. യോഗ്യമായ വസ്ത്രധാരണത്തിനുപകരം വിശുദ്ധന്മാർക്ക് യോഗ്യമല്ലാത്ത വസ്ത്രങ്ങളും വസ്ത്രധാരണരീതികളും ക്രമേണ സ്വീകരിച്ചു. "സൌമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം സ്ത്രീകളുടെ അലങ്കാരമെന്നും അതു ദൈവസന്നിധിയിൽ വിലയേറിയതെന്നും" (1 പത്രൊ.3:3-5) ഉള്ള സത്യങ്ങളെയും വിട്ടു വഴുതി.

ദൈവജനങ്ങൾ തങ്ങളുടെ ജീവിതഗതികളിൽ നിന്ന് ക്രമേണ വഴുതുന്ന കാര്യങ്ങളെയാണ് മുകളിൽ വിവരിച്ചത്. എന്നാൽ ഇപ്രകാരം ജീവിതത്തിൽ താഴ്ച ഭവിച്ചാൽ എന്താണ് ചെയ്യേണ്ടത്? അവർ "മാനസാന്തരപ്പെട്ട് ഏതിൽനിന്ന് വീണു എന്നു കണ്ടുപിടിച്ച് ആദ്യത്തെ പ്രവൃത്തി ചെയ്യട്ടെ" സത്യമായി തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം നല്കുന്നവനത്രെ ദൈവം. സ്വർണ്ണഖനികളിൽ സ്വർണ്ണത്തിനായി കഠിനാധ്വാനം ചെയ്യുന്നതുപോലെ ഇത് കഠിനമായ പ്രയത്നമത്രെ.

സത്യത്തിൽ നില്ക്കുന്നവർ വഴുതിപ്പോകാതെയിരിപ്പാൻ ചെയ്യേണ്ടതെന്തെല്ലാമാണ്?

1. നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളൊക്കെയും ആചരിക്കുകയും ഉപേക്ഷിക്കാതിരിക്കുകയും ചെയ്‌വിൻ. (1 ദിനവൃ 28:8).

2. അതിൽ എഴുതിയിരിക്കുന്നതു പോലെയൊക്കെയും പ്രമാണിച്ച് നടക്കേണ്ടതിന് നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം. (യോശു 1:8). ഗ്രേക്കുതത്വജ്ഞാനം പഠിക്കേണ്ടതിനു അനുവാദം തരേണം എന്ന് യുവാവായ ഒരു യെഹൂദൻ തന്റെ ചിറ്റപ്പനോട് അനുവാദം ചോദിച്ചപ്പോൾ ''രാവും പകലും ന്യാപ്രമാണം ധ്യാനിപ്പാണ്'' നമുക്കുള്ള ദൈവകല്പന എന്ന് അവൻ മറുപടി പറഞ്ഞു. ദാവീദ് അതിക്രമക്കാരുടെ വഴിയിൽ നടക്കുകയോ, പാപികളുടെ വഴിയിൽ നില്ക്കുകയോ, പരിഹാസികളുടെ ഇരിപ്പടത്തിൽ ഇരിക്കുകയോ ചെയ്തില്ല എന്നുമാത്രമല്ല, യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിച്ചുകൊണ്ടിരുന്നു. അതിനാൽ സത്യത്തിൽനിന്ന് തെറ്റിവഴുതിപ്പോകാതെയിരിക്കേണ്ടതിന് വിശ്വാസി ദൈവവചനത്തെ രാവും പകലും വായിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടതത്രെ. ഒരു വിദ്യാർത്ഥി തന്റെ പാഠപുസ്തകത്തെയും ഒരു അഭിഭാഷകൻ നിയമഗ്രന്ഥങ്ങളെയും ഒരു ഡോക്ടർ വൈദ്യഗ്രന്ഥങ്ങളെയും നിരന്തരമായി വായിക്കുന്നതുപോലെ ഒരു വിശ്വാസി ദൈവവചനത്തെ വായിച്ചു പഠിക്കേണ്ടതാണ്. ജോൺവെസ്ലി വേദപുസ്തകം പലപ്രാവശ്യം വായിച്ചിരുന്നു. "ഞാൻ ഒരു പുസ്തകം മാത്രം ഉള്ള മനുഷ്യനാണ്" എന്ന് തന്റെ വാർദ്ധക്യത്തിൽ അവൻ പറഞ്ഞിട്ടുണ്ട്.

വിശ്വാസിയെ വിശുദ്ധിയുടെ വഴിയിൽ നടത്തേണ്ടതിന് ദൈവം നല്കിയിരിക്കുന്നത് ദൈവത്തിന്റെ വചനമത്രെ. ക്രിസ്തുവിനെപ്പോലെ ആകുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ ദൈവവചനം അനുസരിച്ചു നടക്കുക. മനുഷ്യനെ സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിക്കുന്ന പുസ്തകമത്രെ ദൈവത്തിന്റെ വചനം. അതിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളെ അനുസരിക്കുന്നവൻ വഴി തെറ്റുകയില്ല. ആത്മീയമായ രോഗങ്ങൾക്ക് സൌഖ്യം ലഭിക്കുന്നതിനുള്ള മാർഗ്ഗം ഈ ഗ്രന്ഥത്തിൽ നല്കപ്പെട്ടിട്ടുണ്ട്. "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടെ വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു'' (മത്താ. 4:4) എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. ''ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ. 6:63).

3. ആത്മാവിനെ കെടുക്കരുത്. (1 തെസ്സ.5:19). സത്യത്തിന്റെ ആത്മാവ് എന്നത്രെ പരിശുദ്ധാത്മാവിനെക്കുറിച്ച് കർത്താവ് പറഞ്ഞിരിക്കുന്നത്. സത്യത്തിൽനിന്ന് വഴുതാതെയിരിക്കേണ്ടതിന് സത്യത്തിന്റെ ആത്മാവിനെ അനുസരിച്ച് നടക്കുക. ആത്മാവിൽ സന്തോഷിക്കുക. അവനിൽ ജീവിക്കുകയും അവന് കീഴ്പ്പെട്ടിരിക്കുകയും ചെയ്ക. അവനിൽ ആശ്രയിക്കുക; അവനോടുള്ള കൂട്ടായ്മയിൽ നടക്കുക. നിന്റെ ആശ്വാസപ്രദനും ഉപദേഷ്ടാവും വഴികാട്ടിയുമായി അവനെ സ്വീകരിക്കുക. അവൻ നിന്നെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തേക്കാം. അത് നിന്റെ നന്മയ്ക്കായിട്ടത്രെ. "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്'' (എഫെ.4:30).

ചിന്തയ്ക്ക്

# നാം പ്രാർത്ഥിക്കുന്നു... ദൈവം പ്രവർത്തിക്കുന്നു

*കഴിഞ്ഞ ലക്കം തുടർച്ച..*

'**വി**ജയകരമായ ജീവിതം' എന്ന വിഷയം കൈകാര്യം ചെയ്ത ഒരു യോഗപരമ്പരയിൽ ഈ എഴുത്തുകാരൻ ഒരു സന്ധ്യയ്ക്ക് സദസിനെ അവർ ഒരു വിശുദ്ധജീവിതം നയിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ അവരുടെ വഴക്കുകൾ പരിഹരിക്കണമെന്ന് ഉത്സാഹിപ്പിച്ചു. ഒരു സ്ത്രീ നേരെ വീട്ടിൽചെന്ന്, ഏതോ വിയോജിപ്പുനിമിത്തം ഇരുപത് വർഷമായി യാതൊരു ബന്ധവും ഉണ്ടാകാതിരുന്ന അവളുടെ സഹോദരിക്ക് വളരെ ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കുശേഷം എഴുത്തെഴുതി!

അവളുടെ സഹോദരി മുപ്പത് മൈൽ അകലെയാണ് താമസിച്ചിരുന്നത്. പിറ്റേന്നു രാവിലെതന്നെ ക്ഷമ ചോദിക്കുന്ന കാര്യം അറിയിച്ചുകൊണ്ട് സഹോദരിയുടെ ഒരു കത്തുവന്നു. ഇവരുടെ എഴുത്തുകൾ തപാലിൽ ഒരേസമയം സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു സഹോദരി മറ്റേ സഹോദരിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്ന വേളയിൽ ദൈവം മറ്റേ സഹോദരിയുടെ മനസ്സിൽ നിരപ്പിനുള്ള പ്രേരണ നല്കിക്കൊണ്ട് സംസാരിക്കുകയായിരുന്നു.

നിങ്ങൾ ചോദിക്കുമായിരിക്കും ദൈവം എന്തുകൊണ്ടാണ് ആ ആഗ്രഹം നേരത്തെ നൽകാതിരുന്നത് എന്ന്. മറ്റേ സഹോദരി ക്ഷമിക്കാൻ സന്നദ്ധയാകുന്നതിനുമുമ്പ് ഈ സഹോദരി ക്ഷമചോദിച്ചെഴുതുന്നത് നിഷ്ഫലമാകുമായിരുന്നെന്ന് ദൈവം മുൻ കണ്ടതുകൊണ്ടാകാം ഇത്. ഇവിടെ അവശേഷിക്കുന്ന സത്യമിതാണ്: നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവത്തിനു ഒരു നിലയിലല്ലെങ്കിൽ മറ്റൊരു നിലയിൽ നാം പ്രാർത്ഥിക്കുന്നവരെ സ്വാധീനിക്കുവാൻ ഇത് വഴിതുറക്കുന്നു. ദൈവത്തിനു നമ്മുടെ പ്രാർത്ഥനകൾ വേണം, അല്ലെങ്കിൽ അവൻ നമ്മോട് നമ്മുടെ പ്രാർത്ഥന അഭ്യർത്ഥിക്കുമായിരുന്നില്ല.

കുറച്ചുനാൾമുമ്പ്, ഒരു പ്രതിവാര പ്രാർത്ഥനായോഗത്തിന്റെ അവസാനം ഭക്തയായ ഒരു സ്ത്രീ, തൊട്ടടുത്തുള്ള ആരാധനാലയത്തിനുള്ളിൽ ഒരിക്കലും പോകാത്ത ഭർത്താവിനുവേണ്ടി പ്രാർത്ഥിക്കുവാൻ എല്ലാവരോടും അപേക്ഷിച്ചു. എല്ലാവരും കുറേസമയംകൂടെ ഈ വിഷയത്തിനായി പ്രാർത്ഥന തുടരണമെന്നു ദൈവദാസൻ എല്ലാവരോടും നിർദ്ദേശിച്ചു. വളരെ ആത്മാർത്ഥമായ പ്രാർത്ഥനകൾ

അർപ്പിക്കപ്പെട്ടു.

ആ ഭർത്താവ് ഭാര്യയോട് വളരെ സ്നേഹമുള്ളവനായിരുന്നു. അവളെ ആരാധനകഴിഞ്ഞ് കൂട്ടിക്കൊണ്ടു പോകുവാൻ പതിവായി വരുമായിരുന്നു. അന്നുരാത്രിയും അവൻ അങ്ങനെചെയ്തു. അവൻ വന്നപ്പോൾ ഹാളിൽ പ്രാർത്ഥനായോഗം അവസാനിച്ചിരുന്നില്ല. കതകുതുറന്ന് അകത്തുകടന്ന് ഭാര്യയ്ക്കുവേണ്ടി കാത്തിരിക്കുവാൻ ദൈവം അവന്റെ മനസിൽ പ്രേരണ നൽകി. ഇതിനു മുൻപ് ഒരിക്കലും അവൻ ചെയ്യാത്ത കാര്യം! കതകിനടുത്തുള്ള ഒരു കസേരയിലമർന്ന് തോളിലേക്കു തല ചായിച്ചസമയം ആ ആത്മാർത്ഥമായ അപേക്ഷകൾ അവന്റെ ചെവിയിലെത്തി. വീട്ടിലേക്കു ഭാര്യയുമായി നടന്നപ്പോൾ അവൻ ചോദിച്ചു, "ഇന്നു രാത്രി അവർ പ്രാർത്ഥിച്ചത് ആർക്കുവേണ്ടിയായിരുന്നു?" അവൾ മറുപടിപറഞ്ഞു, " അത് ഞങ്ങളുടെ പ്രവർത്തകരിൽ ഒരാളുടെ ഭർത്താവിനുവേണ്ടി ആയിരുന്നു." അവൻ പറഞ്ഞു, "അയാൾ രക്ഷപ്പെടുമെന്ന് എനിക്ക് ഉറപ്പുണ്ട്. അതുപോലെയുള്ള പ്രാർത്ഥനകൾക്ക് ദൈവം ഉത്തരമരുളും.'' കുറേക്കഴിഞ്ഞ് സന്ധ്യയ്ക്ക് അയാൾ വീണ്ടും ചോദിച്ചു, "ആർക്കുവേണ്ടിയായിരുന്നു അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നത്?'' അവൾ മുമ്പത്തെപ്പോലെതന്നെ മറുപടി പറഞ്ഞു. കിടക്കയിൽ ചെന്നിട്ട് അവന് ഉറങ്ങാൻ കഴിഞ്ഞില്ല. അവൻ ആഴമേറിയ പാപബോധത്തിനധീനനായി. ഭാര്യയെ വിളിച്ചുണർത്തി തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവൻ അപേക്ഷിച്ചു.

നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുമെന്നുള്ളത് ഇത് എത്രയും വ്യക്തമായി കാണിക്കുന്നു. മുമ്പ് ഏതൊരാഴ്ചയും പ്രാർത്ഥനായോഗത്തിൽ കടന്നിരിക്കാൻ അവനെ പ്രചോദിപ്പിക്കാമായിരുന്നു. അവൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇതിൽനിന്ന് എന്തെങ്കിലും നന്മ വരുമായിരുന്നോ എന്നുള്ളത് ഒരു ചോദ്യമായി അവശേഷിക്കുമായിരുന്നു. ഒരിക്കൽ അവനുവേണ്ടി ആത്മാർത്ഥവും ഹൃദയസ്പർശകവുമായ അപേക്ഷകൾ അർപ്പിക്കപ്പെട്ടപ്പോൾ ആ പാവം മനുഷ്യന്റെമേൽ അവയ്ക്ക് വലിയ സ്വാധീനം ഉണ്ടാകുമെന്ന് ദൈവം കണ്ടു.

**അവശേഷിക്കുന്ന സത്യമിതാണ്: നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവത്തിനു ഒരു നിലയിലല്ലെങ്കിൽ മറ്റൊരുനിലയിൽ നാം പ്രാർത്ഥിക്കുന്നവരെ സ്വാധീനിക്കുവാൻ ഇത് വഴിതുറക്കുന്നു. ദൈവത്തിനു നമ്മുടെ പ്രാർത്ഥനകൾ വേണം, അല്ലെങ്കിൽ അവൻ നമ്മോട് നമ്മുടെ പ്രാർത്ഥന അഭ്യർത്ഥിക്കുമായിരുന്നില്ല.**

നാം പ്രാർത്ഥിക്കുമ്പോഴാണ് ദൈവത്തിന് നമ്മെ നമ്മുടെ വേലയിൽ സഹായിക്കാനും തീരുമാനങ്ങളെ ശക്തിപ്പെടുത്താനും കഴിയുന്നത്. നമ്മുടെ സ്വന്തമായ പല പ്രാർത്ഥനകൾക്കും നമുക്ക് ഉത്തരം നൽകാൻ കഴിയും. ഒരു കൊടുംമഞ്ഞുകാലത്ത് സമ്പന്നനായ ഒരു

**അവൻ പ്രാർത്ഥിക്കാൻ ആരംഭിച്ചപ്പോൾ സാക്ഷിക്കാനുള്ള ശക്തി നല്കാൻ ദൈവത്തിനു കഴിഞ്ഞു. നമ്മുടെ കൂട്ടാളികളായ മനുഷ്യരുമായി ശരിയായ സഹവാസം സാധിക്കുന്നതിനു മുമ്പ് ദൈവവുമായുള്ള സഹവാസം അത്യാവശ്യമാണ്. മനുഷ്യർ വളരെ അപൂർവ്വമായി മാത്രം മറ്റുള്ളവരോട് ആത്മീയകാര്യങ്ങൾ സംസാരിക്കുന്നത് അവർ അവർക്കുവേണ്ടി വളരെക്കുറച്ചു മാത്രം പ്രാർത്ഥിത്ഥിക്കുന്നതുകൊണ്ടാണെന്നാണ് എന്റെ വിശ്വാസം.**

കർഷകൻ തന്റെ അയൽക്കാരനെ പട്ടിണിയിൽനിന്നു കാക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുകയായിരുന്നു. കുടുംബപ്രാർത്ഥന കഴിഞ്ഞപ്പോൾ അയാളുടെ ചെറുമകൻ പറഞ്ഞു, "അപ്പാ, ഇതിനുവേണ്ടി ദൈവത്തെ ബുദ്ധിമുട്ടിക്കണമായിരുന്നു എന്ന് എനിക്കു തോന്നുന്നില്ല." അയാൾ ചോദിച്ചു, "എന്തുകൊണ്ട് തോന്നുന്നില്ല?" "എന്തുകൊണ്ടെന്നാൽ അപ്പന് അവരെ വളരെ എളുപ്പത്തിൽ പട്ടിണി ഇല്ലാത്തവരായി മാറ്റാൻ കഴിയുമായിരുന്നു." നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവെങ്കിൽ അവരെ സഹായിക്കാൻ നാമും ശ്രമിക്കുമെന്നുള്ളതിന് സംശയത്തിന്റെ കണികപോലുമില്ല.

ഒരു യുവവിശ്വാസി അവന് ഏതെങ്കിലും ക്രിസ്തീയ ജോലി നൽകുവാൻ അവന്റെ വികാരിയോട് ആവശ്യപ്പെട്ടു. "നിനക്ക് ഒരു ഉറ്റ സുഹൃത്ത് ഉണ്ടോ?" "ഉണ്ട്." ബാലൻ മറുപടി പറഞ്ഞു. "അവൻ ഒരു ക്രിസ്ത്യാനിയാണോ?" "അല്ല, അവൻ ഞാൻ അശ്രദ്ധനായിരുന്നതിലും അശ്രദ്ധയുള്ളവനാണ്." "എങ്കിൽ പോയി അവനോട് ക്രിസ്തുവിനെ അവന്റെ രക്ഷകനായി കൈക്കൊള്ളുവാൻ പറയുക." "ഓ സാദ്ധ്യമല്ല," കുട്ടി പറഞ്ഞു, "എനിക്കങ്ങനെ ഒരിക്കലും ചെയ്യാൻ കഴിഞ്ഞിട്ടില്ല, എനിക്കതല്ലാതെ മറ്റെന്തെങ്കിലും ജോലി തരിക". "ശരി," വികാരി പറഞ്ഞു, "രണ്ടുകാര്യം എന്നോട് വാഗ്ദത്തം ചെയ്യുക. "അവന്റെ ആത്മാവിനെക്കുറിച്ച് അവനോട് പറയുകയില്ലെന്നും അവന്റെ മാനസാന്തരത്തിനായി ദിവസം രണ്ടുനേരം ദൈവത്തോട് പ്രാർഥിക്കണമെന്നും." "അതിനെന്താ? തീർച്ചയായും സന്തോഷത്തോടെ ഞാനതു ചെയ്യും", ബാലൻ മറുപടി പറഞ്ഞു. രണ്ടാഴ്ച തികയുംമുമ്പേ അവൻ വികാരിയുടെ മുറിയിലേക്ക് ഓടിക്കിതച്ചുവന്നു പറഞ്ഞു, "എന്റെ വാഗ്ദാനം ലംഘിക്കുവാൻ എന്നെ അങ്ങ് അനുവദിക്കുമോ? എന്റെ ചങ്ങാതിയോടെനിക്കു മാനസാന്തരത്തെക്കുറിച്ചു സംസാരിക്കണം". അവൻ പ്രാർത്ഥിക്കാൻ ആരംഭിച്ചപ്പോൾ സാക്ഷിക്കാനുള്ള ശക്തി നല്കാൻ ദൈവത്തിനു കഴിഞ്ഞു. നമ്മുടെ കൂട്ടാളികളായ മനുഷ്യരുമായി ശരിയായ സഹവാസം സാധിക്കുന്നതിനു മുമ്പ് ദൈവവുമായുള്ള സഹവാസം അത്യാവശ്യമാണ്. മനുഷ്യർ വളരെ അപൂർവ്വമായി മാത്രം മറ്റുള്ളവരോട് ആത്മീയകാര്യങ്ങൾ സംസാരിക്കുന്നത് അവർ അവർക്കുവേണ്ടി വളരെക്കുറച്ചു മാത്രം പ്രാർത്ഥിത്ഥിക്കുന്നതുകൊണ്ടാണെന്നാണ് എന്റെ വിശ്വാസം.

പതിമൂന്നു വയസ്സുള്ള ഒരു കുട്ടി

ആയിരിക്കുമ്പോൾ ഈ എഴുത്തുകാരന്റെ പ്രാർത്ഥനയിലുള്ള വിശ്വാസം എങ്ങനെയാണ് സ്ഥിരീകരിക്കപ്പെട്ടത് എന്നുള്ളത് ഞാൻ ഒരിക്കലും മറന്നിട്ടില്ല. ഒരു പ്രത്യേകദിവസം 'മിഷൻ ഓവർസീസ്' എന്ന മാസികയ്ക്ക് ഇരുപതു വരിക്കാരെ ചേർക്കുവാൻ പിതാവിനെ സഹായിക്കണമേ എന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. സന്ധ്യമയങ്ങുംമുമ്പേ ഇരുപത് പുതിയ ആളുകൾ ചേർക്കപ്പെട്ടു. ദൈവം ആ പ്രാർത്ഥനയ്ക്കുത്തരം തരും എന്ന ബോദ്ധ്യം അത്യാകാംക്ഷാപൂർണ്ണമായ അദ്ധ്വാനത്തിന് ഒരു പ്രചോദനമാവുകയും മറ്റുള്ളവരെ സമീപിക്കുന്നതിന് പിതാവിന് ധൈര്യം ലഭ്യമാക്കുകയും ചെയ്തു.

ഇംഗ്ലണ്ടിലെ ഒരു പുരോഹിതൻ തന്റെ ആളുകളോട് അവർ ഓരോ ദിവസവും ഏറ്റവും ചീത്തയായ സ്ത്രീക്കോ പുരുഷനോവേണ്ടി പ്രാർത്ഥിച്ചിട്ട് അവരോട് സുവിശേഷം പറയാൻ പോകണം എന്നു നിർദ്ദേശിച്ചു. ആറു പേർമാത്രം അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു. വീട്ടിലെത്തിയശേഷം അദ്ദേഹം പ്രാർത്ഥിക്കാൻ തുടങ്ങി. പിന്നെ അദ്ദേഹം പറഞ്ഞു, "ഇത് ഞാൻ എന്റെ ആളുകൾക്ക് വിട്ടുകളയാൻ പാടില്ല; ഞാനിത് എന്റേതായി ഏറ്റെടുക്കണം. എനിക്ക് ചീത്തയായവരെ പരിചയമില്ല; ഞാൻ പുറത്തുപോയി അന്വേഷിക്കേണ്ടതുണ്ട്''. തെരുവിന്റെ ഒരു മൂലയിൽ പരുക്കനായി കാണപ്പെട്ട ഒരു മനുഷ്യന്റെ അടുത്തേക്ക്ചെന്ന് അദ്ദേഹം ചോദിച്ചു, "ഈ ജില്ലയിലെ ഏറ്റവും ചീത്തയായ മനുഷ്യൻ നീയാണോ?''. "അല്ല, ഞാനല്ല". "അതാരാണെന്ന് എനിക്കു പറഞ്ഞുതരാമോ?'' "പിന്നെന്താ, ആ തെരുവിന്റെ അങ്ങേ

**തന്റേതായ വഴിയിൽക്കൂടെ പ്രവർത്തിക്കുവാൻ ദൈവത്തെ അനുവദിക്കേണ്ടതാണ്. നാം അംഗീകരിച്ചിരിക്കുന്ന വഴിയിലേക്ക് ദൈവത്തെ താഴ്ത്തിക്കെട്ടുവാനുള്ള വലിയ പ്രവണതയാണു നമുക്കുള്ളത്. നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുന്നതിലൂടെ തന്റെ നാമത്തെ മഹത്വപ്പെടുത്തുകയാണ് ദൈവത്തിന്റെ ലക്ഷ്യം. ചിലപ്പോൾ നമ്മുടെ ആഗ്രഹം ശരിയാണെങ്കിലും അപേക്ഷ തെറ്റായി അവിടുന്നു കാണുന്നു.**

യറ്റത്ത് ഏഴാം നമ്പർ വീട്ടിൽ താങ്കളവനെ കണ്ടെത്തും".

അദ്ദേഹം പോയി ഏഴാം നമ്പർ വീട്ടിൽ മുട്ടിവിളിച്ച് അകത്തു പ്രവേശിച്ചു. "എന്റെ ഇടവകയിലെ ഏറ്റവും ചീത്തയായ മനുഷ്യനെ ഞാൻ അന്വേഷിക്കുകയാണ്. അത് നീ ആയിരിക്കാമെന്നവർ എന്നോടു പറയുന്നു" "അത് താങ്കളോട് പറഞ്ഞത് ആരുതന്നെയായാലും, അവനെ ഇവിടെ പിടിച്ചുകൊണ്ടുവരിക, ഏറ്റവും ചീത്തയായ മനുഷ്യൻ ആരാണെന്നു ഞാൻ കാണിച്ചുകൊടുക്കാം. ഞാനല്ല, എന്നെക്കാൾ ചീത്തയായ ധാരാളം പേരുണ്ട്'' "ശരി, നീ അറിയുന്ന ഏറ്റവും ചീത്തയായ മനുഷ്യനാരാണ്''? "എല്ലാവർക്കും അവനെ അറിയാം. ആ മൈതാനത്തിന്റെ അങ്ങേയ

**തന്റെ ജഡത്തിലെ ശൂലം മാറിയെങ്കിൽ മാത്രമേ തനിക്ക് ദൈവത്തിന് കൂടുതൽ മഹത്വം നേടി ക്കൊടുക്കുവാൻ കഴിയു മായിരുന്നുള്ളൂ എന്ന് പൗലൊസ് വിചാരിച്ചു. ശൂലം കൂടാതെയല്ല, ശൂല ത്തോടുകൂടെ അവൻ മെച്ചമായ വ്യക്തിയും മെച്ചമായ ശുശ്രൂഷ ചെയ്യുന്നവനുമാകുമെന്ന് ദൈവം അറിഞ്ഞിരുന്നു.**

റ്റത്തെ വീട്ടിലാണവൻ താമസിക്കു ന്നത്. അവനാണ് ഏറ്റവും ചീത്ത യായ മനുഷ്യൻ." അങ്ങനെ മൈതാ നത്തിന്റെ അങ്ങേയറ്റത്തെ വീട്ടിൽ അദ്ദേഹം ചെന്ന് വാതില്ക്കൽ മുട്ടി. പരുപരുത്ത ഒരു ശബ്ദത്തിൽ ആരോ പറഞ്ഞു, " അകത്തു വരാം!"

അവിടെ ഒരു മനുഷ്യനും അവന്റെ ഭാര്യയും ഉണ്ടായിരുന്നു. "നിങ്ങൾ എന്നോടു ക്ഷമിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു, ഞാൻ ആ വളവിനോടു ചേർന്നിരിക്കുന്ന പള്ളി യിലെ ശുശ്രൂഷകനാണ്. എന്റെ ജില്ലയിലെ ഏറ്റവും ഹീനനായ മനു ഷ്യനെ ഞാൻ തേടിനടക്കുകയാണ്. എന്തുകൊണ്ടെന്നാൽ എനിക്കയാ ളോടു ചിലതു പറയാനുണ്ട്. താങ്ക ളാണോ ആ ഹീനമനുഷ്യൻ"? ആ മനുഷ്യൻ തന്റെ ഭാര്യയുടെ നേരേ തിരിഞ്ഞിട്ടു പറഞ്ഞു, "പ്രിയേ, കഴിഞ്ഞ അഞ്ചുമിനിറ്റു മുമ്പ് ഞാൻ നിന്നോടു പറഞ്ഞത് ഇദ്ദേഹത്തോടു പറയുക." "ഇല്ല, അങ്ങുതന്നെ ഇദ്ദേഹത്തോടു പറഞ്ഞാൽ മതി". "നിങ്ങൾ എന്താണ് പറഞ്ഞിരു ന്നത്?," സന്ദർശകൻ അന്വേഷിച്ചു. "ശരി, ഞാൻ കഴിഞ്ഞ പന്ത്രണ്ട് ആഴ്ചകളായി മദ്യപാനത്തിലായിരു ന്നു. കടം കേറുകയും വീട്ടിൽ പണ യപ്പെടുത്താവുന്നതെല്ലാം ഞാൻ പണയപ്പെടുത്തുകയും ചെയ്തു. ചില മിനിറ്റുകൾക്കുമുമ്പ് ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു, 'പ്രിയേ, ഈ കാര്യം അവസാനിക്കേ ണ്ടതുണ്ട്. ഇത് അവസാനിക്കുന്നില്ലെ ങ്കിൽ ഞാൻതന്നെ ഇത് അവസാ നിപ്പിക്കും- ഞാൻ പോയി മുങ്ങിച്ചാ കും. പിന്നെയാണ് നിങ്ങൾ കത കിൽ മുട്ടിയത്! ശരിയാണ് സാർ, ഞാൻതന്നെയാണ് ഏറ്റവും ഹീനമ നുഷ്യൻ. അങ്ങേയ്ക്ക് എന്നോടെ ന്താണ് പറയാൻ ഉള്ളത്?" "ഞാൻ ഇവിടെ ആയിരിക്കുന്നത് നിന്നോട് യേശുക്രിസ്തു ഏറ്റവും വലിയ രക്ഷിതാവെന്നും അവന് ഏറ്റവും ഹീനനായ മനുഷ്യനെ ഉത്തമന്മാ രിൽ ഒരുവനാക്കാൻ കഴിയുമെന്നും പറയാനാണ്. അവൻ അത് എന്റെ കാര്യത്തിൽ ചെയ്തു, അവൻ ഇത് നിന്റെ കാര്യത്തിലും ചെയ്യും." "എന്റെ കാര്യത്തിൽപ്പോലും ഇത് ചെയ്യാനവന് കഴിയും എന്ന് അങ്ങു വിശ്വസിക്കുന്നുവോ?" "അവന് കഴിയും എന്ന് എനിക്കുറപ്പാണ്, മുട്ടു കുത്തി അവനോടപേക്ഷിക്കുക."

ആ പാവം മദ്യപൻ അവന്റെ പാപങ്ങളിൽനിന്നു രക്ഷിക്കപ്പെട്ടു എന്നു മാത്രമല്ല ഇന്നവൻ മറ്റു മദ്യ പരെ കർത്താവായ യേശുക്രിസ്തു വിങ്കലേക്കു കൊണ്ടുവരുന്ന ഒരു ഉജ്വല ക്രിസ്ത്യാനികൂടെയാണ്.

പ്രാർത്ഥനയുടെ ഉത്തരമായി

*(ശേഷം പേജ് 19 ൽ)*

# കുരിശില്ലെങ്കിൽ കിരീടമില്ല

പറവകൾക്കു ചിറകു ലഭിച്ചതിനെക്കുറിച്ച് ഒരു കഥയുണ്ട്. ആദ്യകാലത്തു പക്ഷികൾക്കു സുന്ദരമായ രൂപവും മധുരമായ സ്വരവും മാത്രമേ ഉണ്ടായിരുന്നുള്ളു. പറക്കാൻ കഴിയുമായിരുന്നില്ലത്രെ. അങ്ങനെയിരിക്കെ ഒരു ദിവസം ദൈവം പക്ഷികൾക്കുള്ള ചിറകുകൾ ഉണ്ടാക്കി അവയുടെ മുൻപിൽ വച്ചിട്ട് അവയോട് ആവശ്യപ്പെട്ടു: 'വരിക. വന്ന് ഈ ഭാരങ്ങൾ എടുക്കുകയും അവ ചുമലിൽ വഹിച്ചുകൊണ്ടു ജീവിക്കുകയും ചെയ്യുക'.

ചിറകുകൾ എന്താണെന്ന് പക്ഷികൾക്കു മനസ്സിലായില്ല. എങ്കിലും അതൊരു ഭാരമാണെന്നു ദൈവം തന്നെ പറഞ്ഞ സ്ഥിതിക്ക് പക്ഷികൾക്കു സ്വാഭാവികമായി അത് ഏറ്റെടുക്കാൻ പ്രയാസം തോന്നി. അതുകൊണ്ട് ആദ്യം ഒന്നു മടിച്ചു. എങ്കിലും ദൈവ കല്പനയായതിനാൽ അനുസരിക്കാൻ തന്നെ തയാറായി.

പക്ഷികൾ നിരനിരയായി വന്ന് ചിറകുകൾ ചുണ്ടുകൊണ്ടു കൊത്തിയെടുത്ത് അവയുടെ തോളോടു ചേർത്തു വച്ചു. തോളിലെ ഭാരം ആദ്യം ദുസ്സഹമായി തോന്നി. എന്നാൽ പക്ഷികൾ അവ വഹിക്കാൻ തന്നെ മനസ്സു വച്ച് ചിറകുകളെ ഹൃദയത്തോടു ചേർത്ത് ഒതുക്കിപ്പിടിച്ചു. അത്ഭുതം! ചിറകുകൾ മടങ്ങി ശരീരത്തിന്റെ ഭാഗമായി തീർന്നു. ക്രമേണ ഭാരവും കുറഞ്ഞു. പിന്നേയും ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ ചിറകുകളുടെ ഉപയോഗം കിളികൾ കണ്ടെത്തി. അവ പറക്കുവാൻ തുടങ്ങി. ഭാരമെന്നു കരുതിയതു ഭാഗ്യമായി മാറി. ദൈവത്തിന്റെ ദിവ്യ കരുതലും അവയ്ക്കു മനസ്സിലായി.

ജീവിതത്തിൽ അവിചാരിതമായ സാഹചര്യങ്ങൾ, പ്രതിബന്ധങ്ങൾ, പ്രതിസന്ധികൾ എന്നിവ വരുമ്പോൾ 'എന്തൊരു നിർഭാഗ്യം!' എന്നാവും പലരും നിരാശപ്പെടുക. എന്നാൽ അവ പ്രയോജനമായിരുന്നു എന്നു പിന്നീടേ ചിലപ്പോൾ മനസ്സിലാകൂ. വലിയ ദുഃഖത്തിലൂടെ കടന്നു പോയശേഷം ആശ്വാസവും പ്രശ്ന പരിഹാരവും നേടിയ കൊരിന്തിയിലെ വിശ്വാസികളോട് ഈ വിധത്തിൽ അവർക്കു ലഭ്യമായ 'മറഞ്ഞിരുന്ന അനുഗ്രഹ'ത്തെക്കുറിച്ചു സെന്റ് പോൾ ഓർമ്മിപ്പിക്കുന്നതിങ്ങനെയാണ്: 'നിങ്ങൾ വലിയ കഷ്ടത്തിലായിരുന്നു. എന്നാൽ അതിൽ നിന്നു മോചനം നേടിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്കു സമാനമായ. കഷ്ടങ്ങളിലൂടെ കടന്നു പോകുന്നവരെ സ്വന്ത അനുഭവത്തിന്റെ പശ്ചാലത്തിൽ നിന്നുകൊണ്ട് ആശ്വസിപ്പിക്കാൻ കഴിയുമല്ലോ!' നോക്കുക: ദുഃഖത്തിലൂടെ കടന്നു പോയത് പിന്നീട് മറ്റുള്ളവരെ സഹായിക്കുന്ന ഒരു മഹത്തായ ശുശ്രൂഷയിലേക്ക് അവരെ നയിച്ചു.

'കുരിശില്ലെങ്കിൽ കിരീടമില്ല' എന്നു പറയാറുണ്ട്. ശരിയാണ്. എന്നാൽ പലപ്പോഴും കുരിശുകൾ

**'കുരിശില്ലെങ്കിൽ കിരീടമില്ല' എന്നു പറയാറുണ്ട്. ശരിയാണ്. എന്നാൽ പലപ്പോഴും കുരിശുകൾ നമുക്കിഷ്ടമല്ല. എന്നാൽ നമുക്കോരോരുത്തർക്കും വഹിക്കാൻ കഴിയുന്നവ മാത്രമേ ദൈവം നമുക്കനുവദിക്കൂ എന്നു സെന്റ് പോൾ കൊരിന്തിലുള്ള വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നുണ്ട്- 'നിങ്ങൾക്കു സഹിക്കാൻ കഴിയുന്നതിൽ കൂടുതൽ പരീക്ഷ അവിടുന്ന് അനുവദിക്കുകയില്ല'.**

നമുക്കിഷ്ടമല്ല. കുരിശുകൾ ഒഴിവാക്കാൻ എളുപ്പ വഴി തേടുന്നവരുണ്ട്. എന്നാൽ നമുക്കോരോരുത്തർക്കും വഹിക്കാൻ കഴിയുന്നവ മാത്രമേ ദൈവം നമുക്കനുവദിക്കൂ എന്നു സെന്റ് പോൾ കൊരിന്തിലുള്ള വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നുണ്ട്- 'നിങ്ങൾക്കു സഹിക്കാൻ കഴിയുന്നതിൽ കൂടുതൽ പരീക്ഷ അവിടുന്ന് അനുവദിക്കുകയില്ല'.

തന്റെ കുരിശിനെക്കുറിച്ച് എപ്പോഴും പരാതിപ്പെട്ടിരുന്ന വനിതയെക്കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്. മറ്റു പലർക്കും ഭാരം കുറഞ്ഞ കുരിശു ലഭിച്ചപ്പോൾ തന്റെ കുരിശിനു വലിയ ഭാരമാണെന്നായിരുന്നു അവളുടെ പരാതി. ഒരു രാത്രി അവൾ ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ മാലാഖ അവളെ ഒട്ടേറെ കുരിശുകൾ കൂട്ടി വച്ചിരിക്കുന്ന സ്ഥലത്തേക്കു കൊണ്ടു പോയി ഇങ്ങനെ പറഞ്ഞു: 'നോക്കുക. നിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ് ദൈവം എന്നെ അയച്ചിരിക്കുന്നത്. നിന്റെ കുരിശ് നിനക്ക് ഇഷ്ടമല്ലല്ലോ. അതുകൊണ്ട് അത് ഇവിടെ വച്ചിട്ട് ഈ കൂട്ടത്തിൽ നിന്നു നിനക്ക് ഇഷ്ടമുള്ള കുരിശു തിരഞ്ഞെടുക്കാം.'

അവൾക്കു സന്തോഷമായി. അവൾ സ്വന്തം കുരിശ് ആ കൂട്ടത്തിൽ വച്ചശേഷം കുരിശുകളുടെ നിര സൂക്ഷിച്ചു നോക്കി. സ്വർണ നിറമുള്ള ഒരു കൊച്ചു കുരിശ് അവൾക്കിഷ്ടമായി. പക്ഷേ എടുത്തപ്പോഴല്ലേ അറിയുന്നത്. സ്വർണം കനമുള്ള ലോഹം ആയതുകൊണ്ട് ആ സ്വർണക്കുരിശിനും ഭാരം കൂടുതലായിരുന്നു. അവൾ അതവിടെ തന്നെ വച്ച ശേഷം മറ്റൊന്നെടുത്തു. റോസാ പുഷ്പങ്ങൾ കൊണ്ട് അലങ്കരിച്ചതായിരുന്നു ആ കുരിശ്. എന്നാൽ റോസാ പുഷ്പങ്ങൾക്കിടയിലെ മുള്ളുകൾ അവളുടെ തോളിൽ കൊണ്ടു കയറിപ്പോൾ അതും കൈയൊഴിയുകയല്ലാതെ മാർഗ്ഗമില്ലെന്നായി. തുടർന്നവൾ കുരിശുകൾ ഓരോന്നായി മാറി മാറി പരീക്ഷിച്ചു. ഓരോന്നിനും ഓരോ കുറവുകൾ. ഒടുവിൽ ഒരെണ്ണം അവൾക്കു തൃപ്തികരമായി തോന്നി. അതെടുത്തു നടന്നപ്പോൾ ഭാരക്കൂടുതലില്ല, അത് എല്ലാംകൊണ്ടും തനിക്കു പാകം. സന്തോഷത്തോടെ അതിൽ അവൾ വീണ്ടും നോക്കി. അപ്പോഴാണ് അവൾ ഞെട്ടലോടെ ആ സത്യം മനസ്സിലാക്കിയത് - താൻ മാറ്റിവച്ച തന്റെ പഴയ കുരിശു തന്നെയായിരുന്നു അത്!

ഉവ്വ്, നമുക്കെന്താണു വേണ്ടതെന്നും എത്രഭാരം സഹിക്കാൻ കഴിയുമെന്നും നമ്മുടെ സ്വർഗീയ പിതാവിനറിയാം. കാരണം, ഒരു എബ്രായ കവി പാടിയതു പോലെ 'അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നാം പൊടി എന്ന് അവൻ ഓർക്കുന്നു'

# നാം പ്രാർത്ഥിക്കുന്നു...

*16-ാം പേജിൽ നിന്നു തുടർച്ച*

ശരീരത്തിന് സൗഖ്യം തരാനും മഴ പെയ്യിക്കാനും നല്ല കാലാവസ്ഥ തരാനും മൂടൽമഞ്ഞു മാറ്റാനും അല്ലെങ്കിൽ അത്യാപത്തുകളെ ഒഴിവാക്കാനും ദൈവത്തിനു കഴിയും എന്നു വിശ്വസിക്കുവാൻ തീർച്ചയായും നമ്മിലാർക്കും ബുദ്ധിമുട്ടില്ല.

അപരിമിതമായ ജ്ഞാനമുള്ള ഒരു ദൈവവുമായാണ് നമുക്കു കാര്യമുള്ളത്. ഒരു പ്രത്യേക മരുന്നോ, ഭക്ഷണക്രമമോ, സൗഖ്യത്തിനുള്ള ഉപാധിയോ നിർദ്ദേശിക്കുവാൻ ഒരു ഡോക്ടറുടെ മനസിലേക്ക് ജ്ഞാനം പകരാൻ ദൈവത്തിനു കഴിയും. അവൻ നിർമ്മിച്ചതായതുകൊണ്ട് "നമ്മുടെ അസ്ഥികൂടം അവനറിയാം". (സങ്കീ. 139 : 15) ഏറ്റവും ബുദ്ധിമാനായ വൈദ്യൻ, ശാസ്ത്രക്രിയാ വിദഗ്ദ്ധൻ എന്നിവരെക്കാൾ നന്നായിട്ട് അവന് ഇതറിയാം. അവൻ ഉണ്ടാക്കി, കേടുപോക്കാനും അവന് കഴിയും. നാം ചികിത്സാവൈദഗ്ധ്യം ഉപയോഗപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നുവെന്നു നാം വിശ്വസിക്കുന്നു. എന്നാൽ തന്റെ അത്ഭുതജ്ഞാനത്താൽ മനുഷ്യസഹായം കൂടാതെ സൗഖ്യമാക്കാൻ ദൈവത്തിനു കഴിയുമെന്നും ചിലപ്പോൾ അവിടുന്നു സൗഖ്യമാക്കുന്നുവെന്നും കൂടെ നാം വിശ്വസിക്കുന്നു. തന്റേതായ വഴിയിൽക്കൂടെ പ്രവർത്തിക്കുവാൻ ദൈവത്തെ അനുവദിക്കേണ്ടതാണ്. നാം അംഗീകരിച്ചിരിക്കുന്ന വഴിയിലേക്ക് ദൈവത്തെ താഴ്ത്തിക്കെട്ടുവാനുള്ള വലിയ പ്രവണതയാണു നമുക്കുള്ളത്. നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുന്നതിലൂടെ തന്റെ നാമത്തെ മഹത്വപ്പെടുത്തുകയാണ് ദൈവത്തിന്റെ ലക്ഷ്യം. ചിലപ്പോൾ നമ്മുടെ ആഗ്രഹം ശരിയാണെങ്കിലും അപേക്ഷ തെറ്റായി അവിടുന്നു കാണുന്നു.

തന്റെ ജഡത്തിലെ ശൂലം മാറിയെങ്കിൽ മാത്രമേ തനിക്ക് ദൈവത്തിന് കൂടുതൽ മഹത്വം നേടിക്കൊടുക്കുവാൻ കഴിയുമായിരുന്നുള്ളൂ എന്ന് പൗലൊസ് വിചാരിച്ചു. ശൂലം കൂടാതെയല്ല, ശൂലത്തോടുകൂടെ അവൻ മെച്ചമായ വ്യക്തിയും മെച്ചമായ ശുശ്രൂഷ ചെയ്യുന്നവനുമാകുമെന്ന് ദൈവം അറിഞ്ഞിരുന്നു. അതുകൊണ്ട് ദൈവം അവന്റെ പ്രാർത്ഥനയ്ക്ക് 'ഇല്ല, ഇല്ല, ഇല്ല' എന്നു പറഞ്ഞിട്ട് അത് എന്തുകൊണ്ടാമെന്ന് വിശദീകരിച്ചു.

തന്റെ താന്തോന്നിയായ മകൻ അഗസ്റ്റിന്റെ മാനസാന്തരത്തിനായി അനവധി വർഷങ്ങൾ പ്രാർഥിച്ച മോനിക്കയെ സംബന്ധിച്ചും ഇങ്ങനെ തന്നെയായിരുന്നു. അവൻ വീടു വിടുവാനും സമുദ്രം താണ്ടി റോമിലേക്കു പോകുവാനും തീരുമാനിച്ചപ്പോൾ അവൾ അത് നടക്കാതിരിക്കേണ്ടതിനും അവൻ അവളുടെ സ്വാധീനത്തിൽ ഇക്കരെത്തന്നെ കഴിയേണ്ടതിനും ആത്മാർത്ഥമായും വികാരപരവശയായും പ്രാർഥിച്ചു. കപ്പൽ നങ്കൂരമിട്ടു കിടക്കുന്നതിനടുത്തായി കടൽത്തീരത്തുള്ള ഒരു പള്ളിയിൽ രാത്രി മുഴുവനും പ്രാർഥ

**എന്നോടും നിങ്ങളോടുമുള്ള അതിപ്രധാനമായ ചോദ്യം "ദൈവം എങ്ങനെ പ്രാർത്ഥനയ്ക്കുത്തരം അരുളുന്നു" എന്നല്ല, "ഞാൻ വാസ്തവമായി പ്രാർത്ഥിക്കുന്നുവോ" എന്നുള്ളതാണ്. നമുക്ക് പ്രാപിക്കത്തക്കവണ്ണം എത്രയോ അത്ഭുതകരമായ ശക്തിയാണ് ദൈവം മാറ്റിവച്ചിരിക്കുന്നത്! ദൈവത്തെ പ്രസാദിപ്പിക്കാത്ത എന്തെങ്കിലും നാം പിടിച്ചിരിക്കുന്നതുകൊണ്ട് നമുക്കു വല്ല ഗുണവും ചെയ്യുമോ എന്നു നാം ഒരു നിമിഷം ചിന്തിക്കുമോ?**

നയിൽ കഴിയാൻ പോയി. എന്നാൽ നേരം വെളുത്തപ്പോൾ അവൾ കണ്ടത് അവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമയംതന്നെ കപ്പൽ പോയിക്കഴിഞ്ഞതായാണ്! അവളുടെ അപേക്ഷ നിരസിക്കപ്പെട്ടെങ്കിലും അവളുടെ യഥാർത്ഥ ആശയ്ക്ക് ഉത്തരമുണ്ടായി. റോമിൽവച്ചാണ് അഗസ്റ്റിൻ തന്നെ ക്രിസ്തുവിങ്കലേക്കു നയിച്ച വിശുദ്ധ അംബ്രോസിനെ കണ്ടുമുട്ടിയത്. ഏറ്റവും നല്ലത് ഏതാണെന്ന് ദൈവം അറിയുന്നു എന്നുള്ളത് എത്ര ആശ്വാസജനകമാണ്!

എന്നാൽ ദൈവത്തിന് ചില കാര്യങ്ങളെ നമ്മുടെ പ്രാർത്ഥനയിന്മേൽ ആശ്രിതമാക്കണം എന്നുള്ളത് യുക്തിപരമല്ല എന്നു നാമൊരിക്കലും ചിന്തിക്കരുത്. ചില ആളുകൾ പറയുന്നത് ദൈവം നമ്മെ വാസ്തവമായി സ്നേഹിക്കുന്നെങ്കിൽ നാം അപേക്ഷിച്ചാലും ഇല്ലെങ്കിലും നമുക്കുവേണ്ടിയുള്ള ഏറ്റവും മെച്ചമായത് അവൻ നമുക്കു തരും എന്നാണ്. മനുഷ്യൻ തനിക്കുവേണ്ടി പല കാര്യങ്ങളും ചെയ്യേണ്ടതിന് ദൈവം മനുഷ്യനെ ഭരമേല്പിച്ചിരിക്കുന്നു എന്നു ഡോ. ഫോസ്ഡിക് വളരെ മനോഹരമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവൻ വിതകാലവും കൊയ്ത്തും വാഗ്ദാനം ചെയ്യുന്നു. എന്നാൽ ദൈവം തന്റെ ഭാഗത്തുനിന്നു ചെയ്യേണ്ടതു ചെയ്യുവാൻ തന്നെ അനുവദിക്കുവാൻ മനുഷ്യൻ നിലം ഒരുക്കുകയും വിതയ്ക്കുകയും കൃഷി നടത്തുകയും കൊയ്യുകയും ചെയ്യണം. ദൈവം നമ്മെ ഭക്ഷണവും പാനീയവും നൽകി പുലർത്തുന്നു. നമ്മുടെ സഹായം കൂടാതെ ദൈവത്തിനു ചെയ്യാൻ സാധിക്കാത്തതോ കുറഞ്ഞപക്ഷം ചെയ്യുകയില്ലാത്തതോ ആയ ചില കാര്യങ്ങൾ ഉണ്ട്. നാം ചിന്തിക്കാത്തപക്ഷം ചില കാര്യങ്ങൾ ചെയ്യാൻ ദൈവത്തിനു കഴിയുകയില്ല. അവിടുന്നു ആകാശത്തിനുമീതെ ഒരിക്കലും തന്റെ സത്യങ്ങൾ അലങ്കാരത്തിനു തൂക്കിയിടുന്നില്ല. ശാസ്ത്രത്തിന്റെ നിയമങ്ങൾ എപ്പോഴും അവിടെയുണ്ട്. ദൈവമഹത്വത്തിനായും നമ്മുടേതായ നന്മയ്ക്കായും ആ നിയമങ്ങൾ ഉപയോഗപ്പെടുത്തണമെങ്കിൽ നാം ചിന്തിക്കുകയും പരീക്ഷണനിരീക്ഷണങ്ങൾ നടത്തുകയും ആവർത്തിച്ച് ചിന്തിക്കുകയും വേണം.

നാം പ്രാർത്ഥിക്കാത്തപക്ഷം ദൈവത്തിനു ചില കാര്യങ്ങൾ ചെയ്യാൻ സാധ്യമല്ല. അവൻ മലകളെ വെണ്ണക്കല്ലുകൾകൊണ്ടു നിറയ്ക്കുന്നു. എന്നാൽ, അവൻ ഒരിക്കലും ഒരു ഭദ്രാസനപ്പള്ളി പണിതി

ട്ടില്ല. അവൻ പർവ്വതങ്ങളെ ഇരുമ്പ് അയിരു കൊണ്ടു നിറയ്ക്കുന്നു, എന്നാൽ അവൻ ഒരിക്കലും ഒരു സൂചിയോ തീവണ്ടിയന്ത്രമോ ഉണ്ടാക്കുന്നില്ല. അതവൻ നമുക്ക് വിട്ടുതരുന്നു; നാം പ്രയത്നിക്കണം.

മനുഷ്യന്റെ ചിന്തയ്ക്കും പ്രവൃത്തിക്കും ആശ്രിതമാകാൻ ദൈവം പല കാര്യങ്ങളെയും മാറ്റിവച്ചിരിക്കുകയാണെങ്കിൽ മനുഷ്യന്റെ പ്രാർത്ഥനയ്ക്ക് ആശ്രിതമായി എന്തുകൊണ്ട് ചില കാര്യങ്ങളെ ദൈവത്തിനു വിട്ടുകൂടാ? അവൻ അങ്ങനെ ചെയ്തിരിക്കുന്നു. ''യാചിപ്പിൻ നിങ്ങൾക്കു കിട്ടും''. നാം ചോദിക്കാതെ ദൈവം നമുക്കു നൽകാത്ത ചില കാര്യങ്ങൾ ഉണ്ട്. മനുഷ്യനും ദൈവവുമായി സഹകരിച്ചു പ്രവർത്തിക്കാവുന്ന മൂന്നുകാര്യങ്ങളിൽ ഏറ്റവും വലുത് പ്രാർത്ഥനയാണ്.

ശക്തിയുടെ മനുഷ്യർ പ്രാർത്ഥനാമനുഷ്യരാണെന്നുള്ളതിന് അപവാദമില്ല. ദൈവം തന്റെ പരിശുദ്ധാത്മാവിനെ അവിടുത്തെ നിറവിൽ വയ്ക്കുന്നത് പ്രാർത്ഥനാമനുഷ്യനിൽ മാത്രമാണ്. പ്രാർത്ഥനയുടെ ഉത്തരങ്ങൾ വരുന്നത് ആത്മാവിന്റെ വ്യാപാരത്തിലൂടെയാണ്. ഓരോ വിശ്വാസിയിലും ആവസിക്കുന്ന ക്രിസ്തുവിന്റെ ആത്മാവുണ്ട്. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവൻ അല്ല." എന്നാൽ വിജയകരമായ പ്രാർത്ഥനയുള്ള ഒരു മനുഷ്യൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവൻ ആയിരുന്നേ തീരൂ.

ഒരു വനിതാ മിഷനറി അടുത്ത കാലത്ത് എഴുതിയത് ഇപ്രകാരമാണ്: "പ്രാർഥിക്കുന്ന ഹൈഡി"നെക്കുറിച്ച് സാധാരണ പറഞ്ഞുപോന്നിരുന്നത് അദ്ദേഹം ഒരിക്കലും സാധാരണ സുവിശേഷം പറയാതിരുന്നിട്ടും ഒരുമനുഷ്യൻ വാസ്തവമായി മാനസാന്തരപ്പെട്ടു എന്നാണ്. എന്നാൽ ആദ്യഘട്ടത്തിൽ ഒരു മനുഷ്യഹൃദയത്തെ ദൈവത്തിനായി സ്പർശിക്കുന്നതിൽ താൻ പരാജയപ്പെട്ടു എങ്കിൽ ദൈവത്താൽ ഉപയോഗിക്കപ്പെടുവാൻ തടസമായി തന്നിലുള്ളത് എന്താണെന്നു ദൈവം കാണിച്ചുതരുവോളം മുറിയിൽ മടങ്ങിവന്ന് ദൈവവുമായി പ്രാർത്ഥനയിൽ മൽപ്പിടുത്തം നടത്തുമായിരുന്നു. അതെ, നാം ദൈവാത്മാവുകൊണ്ട് നിറയപ്പെടാതിരിക്കുമ്പോൾ ദൈവാഭിമുഖമായി ആളുകളിൽ സ്വാധീനം ചെലുത്തുവാൻ നമുക്ക് സാധിക്കുകയില്ല. എന്നാൽ മനുഷ്യനോട് ബന്ധപ്പെട്ടു ശക്തിയുണ്ടാകുവാൻ നമുക്ക് ദൈവത്തോട് ബന്ധപ്പെട്ട് ശക്തിയുണ്ടായിരിക്കണം.

എന്തായാലും എന്നോടും നിങ്ങളോടുമുള്ള അതിപ്രധാനമായ ചോദ്യം "ദൈവം എങ്ങനെ പ്രാർത്ഥനയ്ക്കുത്തരം അരുളുന്നു" എന്നല്ല, "ഞാൻ വാസ്തവമായി പ്രാർത്ഥിക്കുന്നുവോ" എന്നുള്ളതാണ്. നമുക്ക് പ്രാപിക്കത്തക്കവണ്ണം എത്രയോ അത്ഭുതകരമായ ശക്തിയാണ് ദൈവം മാറ്റിവച്ചിരിക്കുന്നത്! ദൈവത്തെ പ്രസാദിപ്പിക്കാത്ത എന്തെങ്കിലും നാം പിടിച്ചിരിക്കുന്നതുകൊണ്ട് നമുക്കു വല്ല ഗുണവും ചെയ്യുമോ എന്നു നാം ഒരു നിമിഷം ചിന്തിക്കുമോ? ക്രിസ്തീയ സുഹൃത്തേ, ക്രിസ്തുവിനെ സർവ്വഥാ വിശ്വസിക്കുക, എങ്കിൽ അവനെ പൂർണ്ണമായി, സത്യമായി, നിങ്ങൾ കണ്ടെത്തും.

(അവസാനിച്ചു)



*ബൈബിളിലൂടെ........*

## ഒന്ന്-തിമൊഥെയോസ്

സാക് പുന്നൻ

# ജീവിതം കൊണ്ട് മാതൃകയാകുക

**തി**മൊഥെയോസ് എഫേസ്യ സഭയിലെ ഒരു ചെറുപ്പക്കാരനായിരുന്നു. പല മുതിർന്ന പുരുഷന്മാർ ഉണ്ടായിരുന്ന ഒരു സഭയായിരുന്നു അത്. അതിനാൽ പൗലൊസ് അവനോട് പറയുന്നു: "നിന്റെ യൗവനം ആരും പുച്ഛരിക്കുവാൻ ഇടയാകരുത് (4:12). ചെറുപ്പക്കാരനായ ഒരു പ്രസംഗകനു സഭയിലെ ചില മുതിർന്ന ആളുകളുടെ മുമ്പിൽ താൻ കുറവുള്ളവനായി തോന്നാം. പ്രത്യേകിച്ച് അവർ ധനികരും സ്വാധീനമുള്ളവരുമാണെങ്കിൽ. ആരും നിന്നെ ചെറുതായി കാണരുതെന്നു പൗലൊസ് തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നു. എന്നു മാത്രമല്ല അവന്റെ വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തിലും എല്ലാ പരിശോധനയിലും വെളിപ്പെ

*പല ചെറുപ്പക്കാരായ സഹോദരന്മാരും അഹങ്കാരത്തോടെയാണ് മുതിർന്ന സഹോദരന്മാരോട് സംസാരിക്കുന്നത്. അവർ ദൈവത്തെ ഭയപ്പെടുന്നില്ല.*



ടുത്തേണ്ട വിശ്വാസത്തിലും നിർമ്മലതയിലും അവൻ അവർക്കു മാതൃക ആയിരിക്കണം. പൗലൊസ് 4:1–4 വരെയുള്ള വാക്യങ്ങളിൽ പറയുന്ന കാര്യങ്ങൾക്കു നേരെ വിപരീതമാണിത്. അവിടെ പറയുന്ന വ്യാജ ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കുക മാത്രം ചെയ്യുന്നു. എന്നാൽ യാഥാർത്ഥ ഉപദേഷ്ടാക്കന്മാർ തങ്ങളുടെ ജീവിതത്തെ മാതൃകയാക്കിക്കൊണ്ട് പഠിപ്പിക്കുന്നു. വ്യാജ ഉപദേഷ്ടാക്കന്മാർ തത്വങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ യഥാർത്ഥ ഉപദേഷ്ടാക്കന്മാർ തങ്ങളുടെ ജീവിതത്തിൽ നിന്നു പഠിപ്പിക്കുന്നു. 4:13 ൽ ദൈവവചനം പരസ്യമായി വായിക്കുന്നതിന് ഊന്നൽ കൊടുക്കുന്നു. ആ കാലഘട്ടത്തിൽ വിശ്വാസികളുടെ കയ്യിൽ വേദപുസ്തകം ഉണ്ടായിരുന്നില്ല. അതിനാൽ വേദപുസ്തകമുള്ളയാൾ മറ്റുള്ളവർക്കു കേൾക്കത്തക്കവണ്ണം ഉയർന്ന ശബ്ദത്തിൽ വായിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ ഇന്നു എല്ലാ വിശ്വാസികൾക്കും വേദപുസ്തകം ഉള്ളതിനാൽ ഭവനങ്ങളിൽ ഇരുന്നു തന്നെ വേദപുസ്തകം വായിക്കാവുന്നതാണ്.

നല്ല ജീവിതത്തിനും വചന പരിജ്ഞാനത്തിനും അപ്പുറം ചിലതു കൂടി വേണമെന്നതാണ് പൗലൊസ് തിമൊഥെയോസിനെ ഓർമ്മപ്പെടുത്തുന്നത്. "നല്ല മാതൃകയായിരിക്കുകയും വചനത്തിൽ ശ്രദ്ധിക്കുകയും വേണം" (4:12,13). അതു നല്ല കാര്യമാണ്. എന്നാൽ അതോടുകൂടെ "പരിശുദ്ധാത്മാവിന്റെ വരങ്ങളെ അവഗണിക്കരുത്" (4:14). താനും മറ്റു മൂപ്പന്മാരും ചേർന്നു നിന്റെ മേൽ കൈവച്ചപ്പോഴാണ് നിനക്ക് ഒരു ആത്മീയ വരം ലഭിച്ചതെന്ന കാര്യം പൗലൊസ് തിമൊഥെയോസിനെ ഇവിടെ

**ദൈവവേല ചെയ്യുന്നതിന് ആത്മാവിന്റെ വരങ്ങൾ നമുക്കാവശ്യമുണ്ട്- "വിശേഷാൽ പ്രവചന വരത്തിനായി വാഞ്ഛിപ്പിൻ". ഇതിന്റെ അർത്ഥം നാം സംസാരിക്കുമ്പോൾ നമ്മുടെ വാക്കുകൾ അത് കേൾക്കുന്നവരുടെ ഹൃദയത്തിലേക്ക് അസ്ത്രം പോലെ കടക്കണമെന്നതാണ്. ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഒരു വചനവും വെറുതെ മടങ്ങി വരികയില്ല**

ഓർമ്മിപ്പിക്കുന്നു. ദൈവവേല ചെയ്യുന്നതിന് ആത്മാവിന്റെ വരങ്ങൾ നമുക്കാവശ്യമുണ്ട്- "വിശേഷാൽ പ്രവചന വരത്തിനായി വാഞ്ഛിപ്പിൻ" (1 14:1). ഇതിന്റെ അർത്ഥം നാം സംസാരിക്കുമ്പോൾ നമ്മുടെ വാക്കുകൾ അത് കേൾക്കുന്നവരുടെ ഹൃദയത്തിലേക്ക് അസ്ത്രം പോലെ കടക്കണമെന്നതാണ്. പഴയനിയമ പ്രവാചകന്മാരുടെ വാക്കുകൾ അപ്രകാരമായിരുന്നു. ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഒരു വചനവും വെറുതെ മടങ്ങി വരികയില്ല (യെശ 55:11). അങ്ങനെയൊരു ശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം വേണം. യേശുവിന് അത് എല്ലാ സമയവും വേണ്ടിയിരുന്നു. അതുപോലെ തന്നെ നമുക്ക് ഇത് ഒരിക്കൽ മാത്രമുള്ള അനുഭവമല്ല. എല്ലാ സമയവും അഭിഷേകമുള്ളവരായിരിക്കുവാൻ ആഗ്ര

**ഒരു വ്യവസായി തന്റെ വ്യവസായം ശക്തിപ്പെട്ട് നിലനില്ക്കുവാൻ വളരെ കഷ്ടപ്പെടുന്നു. നിങ്ങൾ ക്രിസ്തീയജീവിതത്തെക്കുറിച്ച് ഗൗരവമുള്ളവനാണെങ്കിൽ നിങ്ങൾ വചനം പഠിക്കുന്നതിലും, പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കായി ആഗ്രഹിക്കുന്നതിലും, നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലയെയും വിശുദ്ധിയിൽ സൂക്ഷിക്കുന്നതിനും വളരെ കഷ്ടം സഹിക്കും.**

ഹിക്കുക.

ചെറുപ്പക്കാരേ, ദൈവത്തെ ശ്രവിക്കുവാൻ നിങ്ങൾ നാല്പതു വയസ്സു വരെ കാത്തിരിക്കണമെന്നു ചിന്തിക്കരുത്. പത്തൊൻപത് വയസ്സുള്ളപ്പോഴാണ് ഞാൻ വീണ്ടും ജനിച്ചത്. ഇരുപത്തിഒന്നു വയസ്സുള്ളപ്പോൾ സ്നാനപ്പെട്ടു. അന്നു മുതൽ തന്നെ പ്രസംഗിക്കുവാനും തുടങ്ങി. ആ കാലത്ത് എനിക്ക് അധികം കാര്യങ്ങൾ അറിവുണ്ടായിരുന്നില്ല എന്നാൽ എനിക്ക് അറിയാവുന്ന അല്പം കൊണ്ട് എന്നേക്കാൾ അറിവു കുറഞ്ഞവരെ ക്രിസ്തീയ ജീവിതത്തിന്റെ ബാലപാഠങ്ങൾ ഞാൻ പഠിപ്പിച്ചു. ഞാൻ വളരുന്നതിനനുസരിച്ച് കൂടുതൽ കാര്യങ്ങൾ പഠിപ്പിക്കുവാൻ കഴിഞ്ഞു. ഒന്നാം ക്ലാസ്സിൽ പഠിക്കുന്നവനു നേഴ്സറിക്കാരനെ പഠിപ്പിക്കുവാൻ കഴിയും. ദൈവവചനം പ്രസംഗിക്കുന്നവനു പ്രായമാകുന്നതുവരെ കാത്തിരിക്കേണ്ട കാര്യമെന്താണ്? മാനസാന്തരപ്പെട്ട ആ നിമിഷം തന്നെ നിങ്ങളെക്കാൾ അറിവു കുറഞ്ഞവരോട് ദൈവവചനം പങ്കുവെച്ചു തുടങ്ങാം. പ്രത്യേകിച്ച് മാനസാന്തരപ്പെടാത്തവരോട്. ദൈവവചനം പങ്കുവെയ്ക്കാൻ എപ്പോഴും തയ്യാറായിരിക്കുക. അതു ഫലപ്രദമായി ചെയ്യുവാൻ വേണ്ട ആത്മാവിന്റെ ശക്തി ലഭിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.

4:5 ൽ "ഇവയ്ക്കായി സ്വയം അർപ്പിക്കുക" എന്നാണ് പൗലൊസ് തിമൊഥെയോസിനോട് ആവശ്യപ്പെടുന്നത്. ഒരു വ്യവസായി തന്റെ വ്യവസായം ശക്തിപ്പെട്ട് നിലനില്ക്കുവാൻ വളരെ കഷ്ടപ്പെടുന്നു. നിങ്ങൾ ക്രിസ്തീയജീവിതത്തെക്കുറിച്ച് ഗൗരവമുള്ളവനാണെങ്കിൽ നിങ്ങൾ വചനം പഠിക്കുന്നതിലും, പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കായി ആഗ്രഹിക്കുന്നതിലും, നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലയെയും വിശുദ്ധിയിൽ സൂക്ഷിക്കുന്നതിനും വളരെ കഷ്ടം സഹിക്കും. ഈ വാക്യം ഒരു പരിഭാഷയിൽ പറയുന്നത് "അവയിൽ മുഴുകിയിരിക്കുക" എന്നാണ്. ഈ കാര്യങ്ങളിൽ നിങ്ങൾ മുഴുകിയിരുന്നാൽ നിങ്ങളുടെ ആത്മീയ പുരോഗതി മറ്റുള്ളവർക്ക് പ്രകടമായി കാണുവാൻ കഴിയും.

'മുഴുകിയിരിക്കുക' എന്നതിന്റെ അർത്ഥം വ്യക്തമാക്കുന്നതിനു ഗുണകരമല്ലാത്ത ഒരു ഉദാഹരണം പറയട്ടെ. ഒരു കുടുംബം പ്രശസ്തമായ ഒരു പരിപാടി ടെലിവിഷനിൽ കണ്ട് അതിൽ മുഴുകിയിരിക്കുകയാണ്. ഇതറിയാവുന്ന ചില കള്ളന്മാർ ആ സമയത്ത് ആ വീട്ടിൽ കയറി സകലതും മോഷ്ടിച്ചുകൊണ്ടുപോകുന്നു. എന്നാൽ ഈ ടെലിവിഷൻ പരിപാടി

കഴിയുന്നതുവരെ ആ കുടുംബം ഈ വിവരം അറിയുന്നില്ല.

ഇതേപോലെ തന്നെ ഗുണകരമായ രീതിയിൽ ഇങ്ങനെ പറയാം: "നാം യേശുക്രിസ്തുവിലും അവിടുത്തെ വചനത്തിലും മുഴുകിയിരുന്നാൽ ലോകത്തിന്റെ ഒരു പ്രലോഭനവും നാം അറിയുകയില്ല. അതുകൊണ്ടു തന്നെ ലോകത്തിൽ ആളുകൾ ആവേശത്തോടെ അന്വേഷിക്കുന്ന പലതിന്റേയും പുറകെ നമ്മൾ പോകുന്നില്ല. അങ്ങനെ ദൈവത്തിൽ 'മുഴുകിയ' ഒരു ജീവിതമാണ് നിങ്ങൾ ജീവിക്കുന്നതെങ്കിൽ സ്ഥിരതയുള്ള പുരോഗതി നിങ്ങൾക്കുണ്ടാകും. വർഷങ്ങൾ കഴിയും തോറും നിങ്ങൾ ഒരു നല്ല ക്രിസ്ത്യാനിയും പ്രാപ്തിയുള്ള ദൈവദാസനുമായി തീരും.

4:16 ൽ രണ്ടു കാര്യങ്ങൾക്കു വളരെ ശ്രദ്ധ കൊടുക്കുമെന്ന് പൗലൊസ് തിമൊഥെയോസിനോടു ആവശ്യപ്പെടുന്നു- അവന്റെ 'ജീവിതവും' അവന്റെ 'ഉപദേശവും'. നാം നിരന്തരം പരിശോധിക്കേണ്ട രണ്ടു മേഖലകളാണിവ. നമ്മുടെ ജീവിതവും ഉപദേശവും- രണ്ടും ശുദ്ധമായിരിക്കണം. ഈ രണ്ടു കാര്യത്തിലും നാം നമ്മെ തന്നെ സൂക്ഷിച്ചാൽ നാം നമ്മെ തന്നെയും മറ്റുള്ളവരേയും രക്ഷിക്കും. നാം ആദ്യം നമ്മെ തന്നെ രക്ഷിക്കണം. അപ്പോൾ മാത്രമേ മറ്റുള്ളവരെ രക്ഷിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. ഇതിന്റെ അർത്ഥമെന്താണ്? നിങ്ങൾ തന്നെയും ചില പാപകരമായ സ്വഭാവത്തിൽ നിന്നു രക്ഷിക്കപ്പെട്ടില്ലെങ്കിൽ പിന്നെ എങ്ങനെയാണ് മറ്റുള്ളവരെ ആ പാപത്തിൽ നിന്നും രക്ഷിക്കുവാൻ സാധിക്കുന്നത്? നിങ്ങളുടെ ജീവിതത്തെക്കാൾ ഉയർന്ന നിലവാരത്തിലുള്ള കാര്യങ്ങൾ ഉപദേശിച്ചാൽ നിങ്ങൾ ഒരു കാപട്യക്കാരനായിരിക്കും. ദൈവം നിങ്ങളുടെ വാക്കുകൾക്കു സാക്ഷ്യം നിൽക്കുകയില്ല. ഒരു വ്യാപാരി തന്റെ വ്യാപാരത്തെക്കുറിച്ച് എത്ര ഗൗരവമുള്ളവനാണോ അതുപോലെ നാം നമ്മുടെ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഗൗരവമുള്ളവരായിരിക്കണം. ലാഭമുണ്ടാക്കുന്നതിനായി വ്യാപാരികൾ മനസ്സുമുഴുവൻ വെച്ച് പ്രവർത്തിക്കുന്നു. അതുപോലെ നമ്മളും നമ്മെ തന്നെ സൂക്ഷിച്ച് സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച് ജീവിച്ച് ദൈവത്തെ സേവിക്കണം.

**ഒരു വ്യാപാരി തന്റെ വ്യാപാരത്തെക്കുറിച്ച് എത്ര ഗൗരവമുള്ളവനാണോ അതുപോലെ നാം നമ്മുടെ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഗൗരവമുള്ളവരായിരിക്കണം. ലാഭമുണ്ടാക്കുന്നതിനായി വ്യാപാരികൾ മനസ്സുമുഴുവൻ വെച്ച് പ്രവർത്തിക്കുന്നു. അതുപോലെ നമ്മളും നമ്മെ തന്നെ സൂക്ഷിച്ച് സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച് ജീവിച്ച് ദൈവത്തെ സേവിക്കണം**

### ചില പ്രായോഗിക നിർദ്ദേശങ്ങൾ

മുതിർന്നവരോട് ബഹുമാനത്തോടെ സംസാരിക്കണമെന്നും പ്രായമായ സ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയ സ്ത്രീകളെ

**അറുപതു വയസ്സിനു മുകളിലുള്ള വിധവമാരെ സഭ സംരക്ഷിക്കണ മെന്നും ചെറുപ്പക്കാരായ വിധവമാരെ പുനർവിവാ ഹത്തിനു പ്രേരിപ്പിക്കണ മെന്നും ആണ് പൗലൊസ് ഇവിടെ പറയുന്നത്. പ്രായ മായ വിധവമാരെ സംര ക്ഷിക്കണമെന്നു പറയു മ്പോൾ തന്നെ അവരെ സംരക്ഷിക്കുവാൻ മക്കളോ കൊച്ചുമക്കളോ ഇല്ലെങ്കിൽ മാത്രം മതിയാകും എന്നു പറയുന്നുണ്ട്.**

സഹോദരിമാരെ പോലെയും കണ്ട് പൂർണ്ണ നിർമ്മലതയോടെ അവരെ പ്രബോധിപ്പിക്കണമെന്നും 5:1 ൽ പൗലൊസ് തിമൊഥെയോസിനോട് ആവശ്യപ്പെടുന്നു. പല ചെറുപ്പക്കാരായ സഹോദരന്മാരും അഹങ്കാരത്തോടെയാണ് മുതിർന്ന സഹോദരന്മാരോട് സംസാരിക്കുന്നത്. അവർ ദൈവത്തെ ഭയപ്പെടുന്നില്ല എന്നതിന്റെ ഒരു തെളിവാണ് (ലേവ്യ 19:32 കാണുക). ഇതിനാലാണ് പല പ്രസംഗകരും ചെറുപ്പക്കാരായ സഹോദരിമാരോടൊത്ത് പാപത്തിൽ വീഴുന്നത്.

5 : 13 – 16 വരെയുള്ള വാക്യങ്ങളിൽ നിസ്സഹായരായ വിധവമാരെ സഭ എങ്ങനെ സംരക്ഷിക്കണമെന്നു പൗലൊസ് പറയുന്നു. ആ കാലഘട്ടത്തിൽ അനേകം ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ടിരുന്നതിനാൽ ധാരാളം വിധവമാർ അന്നു സഭയിൽ ഉണ്ടായിരുന്നു. അറുപതു വയസ്സിനു മുകളിലുള്ള വിധവമാരെ സഭ സംരക്ഷിക്കണമെന്നും ചെറുപ്പക്കാരായ വിധവമാരെ പുനർവിവാഹത്തിനു പ്രേരിപ്പിക്കണമെന്നും ആണ് പൗലൊസ് ഇവിടെ പറയുന്നത്. പ്രായമായ വിധവമാരെ സംരക്ഷിക്കണമെന്നു പറയുമ്പോൾ തന്നെ അവരെ സംരക്ഷിക്കുവാൻ മക്കളോ കൊച്ചുമക്കളോ ഇല്ലെങ്കിൽ മാത്രം മതിയാകും എന്നു പറയുന്നുണ്ട്. സ്വന്തം കുടുംബത്തിനുവേണ്ടി കരുതാത്തവൻ ഒരു അവിശ്വാസിയേക്കാൾ അധമനാണെന്ന വളരെ പ്രധാനപ്പെട്ട വാക്യം ഇവിടെ കാണാം (5 : 8). പിന്നീട് അദ്ദേഹം ചില നിബന്ധനകൾ വയ്ക്കുന്നു. അറുപതു വയസ്സ് കഴിഞ്ഞ വിധവമാരിൽ തന്നെ കുഞ്ഞുങ്ങളെ വളർത്തുക, അതിഥികളെ സല്കരിക്കുക, വിശുദ്ധരുടെ പാദങ്ങൾ കഴുകുക തുടങ്ങിയ സത്കർമ്മങ്ങൾ ചെയ്യുന്നവരെ മാത്രം സംരക്ഷിച്ചാൽ മതി (5 : 10)

ആദ്യ നൂറ്റാണ്ടിലെ വിശ്വാസികളുടെ ഇടയിൽ പരസ്പരം കാൽ കഴുകുന്ന ഒരു രീതി ഉണ്ടായിരുന്നില്ല എന്നതാണ് ഈ വാക്യം (5 : 10) വ്യക്തമായി തെളിയിക്കുന്നത്. കാരണം അങ്ങനെ എല്ലാ വിശ്വാസികളും ചെയ്യുന്ന രീതി ഉണ്ടായിരുന്നെങ്കിൽ സഭ സഹായിക്കേണ്ട വിധവമാർക്കു അത് ഒരു നിബന്ധനയായി പറയുകയില്ലായിരുന്നു. യേശു തന്റെ ശിഷ്യന്മാരോട് താൻ ചെയ്തതു പോലെ ചെയ്യുവിൻ എന്നു പറഞ്ഞപ്പോൾ (യോഹ 13 : 14) താൻ അവർക്കു വേണ്ടി ചെയ്തതു പോലെ ഏതു നിന്ദ്യമായ ജോലിയും ചെയ്യണമെന്നാണ് അവിടുന്നു അർത്ഥമാക്കിയത്. അല്ലാതെ അത്

ഒരു ആചാരമാക്കുകയായിരുന്നില്ല.

5 : 17 – 22 ൽ പൗലൊസ് സഭയിലെ മൂപ്പന്മാരെ സംബന്ധിച്ചുള്ള ചില പ്രധാന നിർദ്ദേശങ്ങൾ നൽകുന്നു. മൂപ്പന്മാർക്കു ഇരട്ടി മാനം നൽകണം. ഇതിന്റെ അർത്ഥം സഭയിലെ മറ്റ് വിശ്വാസികളേക്കാൾ ഇരട്ടി ബഹുമാനം അവർക്കു ലഭിക്കണമെന്നാണ്. യഥാർത്ഥ മൂപ്പന്മാർ മെതിക്കുന്ന കാളയെ പോലെ കഠിനാദ്ധ്വാനികളായിരിക്കും (5 : 18). അത്തരത്തിൽ പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും കഠിനാദ്ധ്വാനം ചെയ്യുന്ന മൂപ്പന്മാർക്ക് വേലക്കാർ കൂലി അർഹിക്കുന്ന പോലെ അവർ അർഹിക്കുന്ന ഇരട്ടി മാനം നൽകണം. മൂപ്പനായൊരു സഹോദരനെ ബഹുമാനിക്കുന്നില്ലെങ്കിൽ വേലക്കാർക്കു കൂലി നൽകാതെ ചതിക്കുന്നവനെ പോലെയാണ്. മൂപ്പന്മാരെ വളരെ ബഹുമാനിക്കുകയും വിലമതിക്കുകയും വേണം.

അതെ സമയം തന്നെ പാപം ചെയ്യുന്ന മൂപ്പന്മാരെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും പൗലൊസ് തിമൊഥെയോസിനെ ഉപദേശിക്കണം. ഒന്നാമനായി അദ്ദേഹം തിമൊഥെയോസിനോട് പറയുന്നത് രണ്ടോ മൂന്നോ സാക്ഷികളെ കൂടാതെ ഒരു മൂപ്പനെതിരെ ആരോപണം സ്വീകരിക്കരുത് എന്നാണ്. പിന്നീട് അവരുടെ പാപം തെളിയിക്കപ്പെടുകയാണെങ്കിൽ അവരെ പരസ്യമായി ശാസിക്കണം. മറ്റുള്ളവർ അത് കേട്ട് ഭയപ്പെടട്ടെ. മൂപ്പന്മാർക്കു ഇരട്ടി മാനം ലഭിക്കണം. എന്നാൽ അവർ പാപം ചെയ്താൽ അവരെ സഭയുടെ മുമ്പാകെ പരസ്യമായി ശാസിക്കണം. കൈവയ്പ്പു നടത്തി മൂപ്പന്മാരെ വേർതിരിക്കുന്നതിനു തിടുക്കം കാട്ടരുതെന്നും പൗലോസ് തിമൊഥെയോസിനു മുന്നറിയിപ്പ് നൽകുന്നു. ഒരു മൂപ്പനാകുന്നതിനു ഒരുവൻ ആദ്യം സ്വയം തെളിഞ്ഞു വരട്ടെ. അങ്ങനെ താൻ നിശ്ചയിക്കുന്ന മൂപ്പന്മാരുടെ പാപങ്ങളിൽ നിന്നും തിമൊഥെയോസിന് ഒഴിഞ്ഞു നിൽക്കാൻ സാധിക്കും.

**തിമൊഥെയോസിനു "ജഢത്തിൽ ഒരു ശൂലം" ഉണ്ടായിരുന്നതായി നാം കാണുന്നു. അവന് ഇടയ്ക്കിടെ വയറ്റിൽ വേദന അനുഭവപ്പെടാറുണ്ടായിരുന്നു. തീർച്ചയായും പൗലൊസ് അവനുവേണ്ടി അനേകം തവണ പ്രാർത്ഥിച്ചിരുന്നു. എങ്കിലും അവനു സൗഖ്യം ലഭിച്ചില്ല അതു കൊണ്ടാണ് അല്പം വീഞ്ഞ് ഒരു മരുന്നു പോലെ ഉപയോഗിക്കുവാൻ അവനോട് പൗലൊസ് ആവശ്യപ്പെടുന്നത്.**

5:23 ൽ തിമൊഥെയോസിനു "ജഢത്തിൽ ഒരു ശൂലം" ഉണ്ടായിരുന്നതായി നാം കാണുന്നു. അവന് ഇടയ്ക്കിടെ വയറ്റിൽ വേദന അനുഭവപ്പെടാറുണ്ടായിരുന്നു. തീർച്ചയായും പൗലൊസ് അവനുവേണ്ടി അനേകം തവണ പ്രാർത്ഥിച്ചിരുന്നു. എങ്കിലും അവനു സൗഖ്യം ലഭിച്ചില്ല അതു കൊണ്ടാണ് അല്പം വീഞ്ഞ് ഒരു മരുന്നുപോലെ ഉപയോഗിക്കുവാൻ അവനോട് പൗലൊസ്

ആവശ്യപ്പെടുന്നത്. ചില അവസരത്തിൽ വളരെ ആത്മീയനായ ഒരു മനുഷ്യന്റെ രോഗം പോലും സൗഖ്യമായെന്നു വരികയില്ലയെന്നും നാം രോഗിയായിരിക്കുമ്പോൾ വൈദ്യസഹായം തേടണമെന്നും മരുന്നുകൾ ഉപയോഗിക്കണമെന്നുമാണ് ദൈവനിശ്വാസീയമായ ഈ വചനം നമ്മെ പഠിപ്പിക്കുന്നത്.

6 : 4 ൽ പൗലൊസ് തിമൊഥെയോസിനോട് വിവാദമുണ്ടാക്കുന്ന തർക്കങ്ങളിൽ ഇടപെടരുതെന്നു മുന്നറിയിപ്പ് നൽകുന്നു. ഈ മുന്നറിയിപ്പ് എല്ലാ മൂപ്പന്മാരും ഹൃദയത്തിൽ ഏറ്റെടുക്കേണ്ടതാണ്. ചില വിശ്വാസികൾ സ്ഥിരമായി വേദശാസ്ത്രപരമായ വിവാദങ്ങൾ ഉണ്ടാക്കുന്നതിൽ താല്പര്യമുള്ളവരാണ്. അത്തരത്തിലുള്ള ചർച്ചകൾ ഒഴിവാക്കുക.

ഭൗതിക ആവശ്യങ്ങൾക്കായി ദൈവം നൽകിയിരിക്കുന്ന കാര്യങ്ങളിൽ എപ്പോഴും തൃപ്തിയുള്ളവനായിരിക്കുവാൻ തിമൊഥെയോസിനോട് ആവശ്യപ്പെടുന്നു. ഒരുവൻ തന്റെ ആവശ്യങ്ങൾക്കും അധികം സമ്പത്തു നേടാൻ ശ്രമിക്കുന്നതിന്റെ അപകടത്തെ സംബന്ധിച്ച് പൗലൊസ് മുന്നറിയിപ്പ് നൽകുന്നു (6 : 6 – 10). ഒരു ക്രിസ്തീയ വേലക്കാരന് അത്യാഗ്രഹിയാകുവാൻ വളരെ എളുപ്പമാണ്. പണം ഒരു നല്ല ദാസനും ദുഷ്ടനായ ഒരു യജമാനനുമാണ്. പണത്തിനായി ആഗ്രഹിക്കുന്നവൻ പല പ്രശ്നങ്ങളാൽ തങ്ങളെ തന്നെ നശിപ്പിക്കുന്നു. "ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങളുടെയും വേരാണ്''. ക്രിസ്തീയ വേലയിലുള്ള പലരും ദ്രവ്യാഗ്രഹത്താൽ സ്വയം നശിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ നമുക്കുള്ള പ്രബോധനം ഇതാണ്– "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ മുറുകെ പിടിക്കുക" (6 : 12). നിത്യജീവൻ എന്നാൽ ദൈവിക ജീവൻ തന്നെയാണ്. തിമൊഥെയോസിനെ പോലെ മുഴുഹൃദയത്തോടെ ദൈവത്തെ സേവിക്കുന്ന ഒരു സഹോദരനോടു പോലും ഈ ജീവൻ അധികം അധികം പ്രാപിക്കണമെന്ന് ആവശ്യപ്പെടുന്നു. അധികം അധികം പണം നേടുക എന്നൊരു കാര്യത്തിനു നേരെ വിപരീതമാണ് ഇത്. "പൊന്തിലോസ് പീലാത്തോസിന്റെ മുമ്പിൽ നല്ല സാക്ഷ്യം നിർവ്വഹിച്ച യേശു ക്രിസ്തുവിനെ ഓർത്തുകൊള്ളുക'' എന്നാണ് നമ്മോട് ആവശ്യപ്പെടുന്നത് (6 : 13). പീലാത്തോസിന്റെ മുമ്പിൽ പൗലൊസ് നടത്തിയ സാക്ഷ്യ പ്രസ്താവന ഇതാണ്. ''എന്റെ രാജ്യം ഐഹികമല്ല''. ഒരു ക്രിസ്തീയ വേലക്കാരൻ സുവിശേഷം പ്രസംഗിച്ച് ധനികനാകുവാൻ പാടില്ല. ധനികരായ ക്രിസ്ത്യാനികളോട് അവരുടെ "അനിശ്ചിതമായ സമ്പത്തിൽ'' ആശ്രയിക്കരുത്; പകരം ആവശ്യക്കാരായ ദരിദ്രരുമായി അത് പങ്കുവയ്ക്കുക എന്നാണ് ആവശ്യപ്പെടുന്നത് (6 : 17). അവസാനമായി പൗലൊസ് തിമൊഥെയോസിനോടു ആവശ്യപ്പെടുന്നതിതാണ്: ''നിന്നെ ഭാരമേല്പിച്ചിട്ടുള്ളത് സൂക്ഷിച്ചു കൊള്ളുക. ഭക്തിവിരുദ്ധമായ വ്യർത്ഥജല്പനങ്ങളും ജ്ഞാനമെന്നു വ്യാജമായി പറയപ്പെടുന്ന വിരുദ്ധ വാദങ്ങളും ഉപേക്ഷിക്കുക" (6 : 20). അന്ത്യത്തോളം വിശ്വസ്തരായിരിക്കുവാൻ ദൈവം നമ്മേയും സഹായിക്കട്ടെ! (അവസാനിച്ചു)

**മൊഴിമാറ്റം : സാജു ജോസഫ്**

❖

ക്രൂശിന്റെ പാത അനുഗ്രഹത്തിന്റെ പാത-II

# എപ്പോഴും എല്ലായിടത്തും ജയോത്സവമായി...

(കഴിഞ്ഞ ലക്കം തുടർച്ച..)

**ലോക**ത്തിൽ പാർക്കുന്ന നാം ശത്രുതയുള്ള സാഹചര്യത്തിലാക്കപ്പെട്ടിരിക്കുന്ന ജീവികളാണ്. സമുദ്രമധ്യത്തിലുള്ള കപ്പൽ വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നുവെങ്കിലും കടൽവെള്ളം കപ്പലിനകത്തേക്കു പ്രവേശിക്കുന്നില്ല. ഒരു വിശ്വാസി അപ്രകാരം ജീവിക്കുമ്പോൾ ഇന്നല്ലെങ്കിൽ നാളെ ലോകത്തിൽനിന്നു നിന്ദയും എതിർപ്പും അഭിമുഖികരിക്കാതിരിക്കാൻ നിർവാഹമില്ല. എത്രയും വേഗം ലോകം അവനു അധിവാസ്യയോഗ്യമല്ലാത്ത ഒരു പാർപ്പിടമായി തീരും. യേശുവിനെ പിൻപറ്റുന്നതിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത പരിണതഫലമായി ഈ എതിർപ്പു ഉണ്ടാകുമെന്നു യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പുകൊടുത്തു (യോഹ. 16 : 33). വിശ്വാസി സ്വർഗീയനെങ്കിൽ വ്യക്തമായും ഈ ലോകം അവന്റെ സ്വാഭാവിക വാസസ്ഥലമല്ല. കരയിൽവീണ മീനിനെപ്പോലെയാണ് അവൻ; ഇഹലോക വാസം തുടർന്നുപോകുവാൻ അവൻ പ്രയാസപ്പെടുന്നുവെങ്കിൽ അതിൽ അതിശയിക്കേണ്ട. മത്സ്യത്തിന് കരയിൽ ജീവിക്കണമെങ്കിൽ ഒരു അത്ഭുതം തന്നെ നടക്കണം. അതിൽകുറഞ്ഞ ഒരു അത്ഭുതംകൊണ്ട് ക്രിസ്തുവിന്റെ യഥാർത്ഥ സഭയ്ക്ക് ഈ ലോകത്തിൽ മുന്നോട്ടുപോകുവാൻ കഴിയുന്നതല്ല. എന്നാൽ ക്രിസ്തീയ ജീവിതം അങ്ങനെ തന്നെ ആയിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്- ദൈവത്തിന്റെ അത്ഭുതം പ്രവർത്തിക്കുന്ന ശക്തിയിൽ ദിനംതോറും ആശ്രയിക്കുന്ന ഒരു ജീവിതം.

ദൈവത്തിന്റെ ജനത്തിനും ഈ ലോകത്തിന്റെ ആത്മാവിനും മധ്യേ ഒരു പിളർപ്പ്, നരകത്തെയും പറുദീസയെയും തമ്മിൽ വേർതിരിക്കുന്നതിനുള്ള പിളർപ്പുപോലെ (ലൂക്കോ. 16:26) ആഴവും വിശാലവുമായ ഒന്ന്, കാണണമെന്നു ദൈവം പ്രതീക്ഷിക്കുന്നു. ഈ പിളർപ്പ് ഒരിക്കലും കൂട്ടിയോജിപ്പിക്കപ്പെടുവാനോ തരണം ചെയ്യുവാനോ പാടില്ല, തന്റെ സ്വന്തമായവർ ഈ ലോകത്തിന്റെ ആത്മാവിൽനിന്നു വേർപെട്ടിരിക്കണമെന്നു എപ്പോഴും ദൈവം ആഗ്രഹിക്കുന്നു. നിർഭാഗ്യമെന്നു പറയട്ടെ, അനേകം വിശ്വാസികളും ആ പാഠം പഠിച്ചിട്ടില്ല. അതു പഠിക്കാത്തിടത്തോളം അവർ ശക്തിഹീനരും നിരാശരുമായിരിക്കും. അബ്രഹാം ഒരിക്കൽ പഠിച്ചതായ അപ്രകാരമുള്ള ആത്മാവിന്റെ സ്വാതന്ത്ര്യമാണ് അവനെ ശക്തിയുടെയും ഫലപ്രാപ്തിയുടെയും സ്ഥാനത്തെത്തിച്ചത്. ഉല്പ.

22-ൽ ഇതു വ്യക്തമാക്കിയിരിക്കുന്നു. തന്റെ ഏകപുത്രനെ ബലി കഴിക്കുവാൻ അവിടെ അബ്രഹാമിനോടു ദൈവം ആവശ്യപ്പെട്ടു. ഇതു യിസ്ഹാക്ക് ബലികഴിക്കപ്പെട്ടു കാണുന്നതിനല്ല (ഇതു 12-ാം വാക്യത്തിൽ വ്യക്തം); പിന്നെയോ അബ്രഹാമിന് ബാലനോടുണ്ടാകാവുന്ന അമിതസ്നേഹത്തിൽനിന്ന് അവനെ സ്വതന്ത്രനാക്കുന്നതിനായിരുന്നു. ഒരു ദൈവദാസനെന്ന നിലയിൽ അബ്രഹാം പ്രയോജനപ്പെടണമെന്നായിരുന്നു ഇവിടെ ലക്ഷ്യം. യിസ്ഹാക്കിനോടുള്ള മനോഭാവത്തിൽ ഉണ്ടാകാവുന്ന സ്വാർത്ഥപരമായ ഉടമസ്ഥതാബോധത്തിൽനിന്ന് അബ്രഹാം വിടുവിക്കപ്പെട്ടവനായിരിക്കണമെന്നു ദൈവം ആഗ്രഹിച്ചു. അവൻ യിസ്ഹാക്കിനെ ഒരു ദൈവിക ദാനമെന്നനിലയിൽ എപ്പോഴും കരുതുവാൻ ദൈവം ആഗ്രഹിച്ചു.

വസ്തുവകകളോ മറ്റോ ദൈവം നമുക്ക് നിഷേധിക്കുകയോ നമ്മിൽനിന്നു നീക്കുകയോ ചെയ്യുമ്പോൾ അബ്രഹാമിനോട് ഇടപെട്ടതുപോലെ ദൈവം നമ്മോടും ഇടപെടുകയാണ്. അതുകൊണ്ടുതന്നെയാണ് ആ ധനിക യുവാവിനോട് തനിക്കുള്ളതൊക്കെയും വിൽക്കുവാൻ അവൻ ആവശ്യപ്പെട്ടത്. തന്റെ ധനത്തോട് അവൻ അമിതസ്നേഹമുള്ളവനായിരുന്നു. വസ്തുവകകൾ അവയിൽതന്നെ പാപമല്ല. കർത്താവിനെ പിൻപറ്റുന്നതിന് അവ തടസമാകുമ്പോൾ മാത്രമേ അവ പാപമയമാകൂ. അതുകൊണ്ടാണു പ്രിയപ്പെട്ടവരോടുള്ള നമ്മുടെ അമിതസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്തുന്നതിനു ദൈവം ഭവനത്തിൽ രോഗവും വേർപാടും അയയ്ക്കുന്നത് (ലൂക്കോ. 14 : 26, 27). നമുക്കുള്ളതെല്ലാം നമ്മുടെ സ്വന്തമല്ലെന്നും കർത്താവിന്റെ വക തന്റെ മഹത്വത്തിനുവേണ്ടി ഉപയോഗിക്കുന്നതിനു നമ്മെ ഏൽപ്പിച്ചിരിക്കുന്നതാണെന്നും കരുതി കാര്യവിചാരകന്മാരെപ്പോലെ അവയെ സൂക്ഷിക്കുന്നതാണ് യഥാർത്ഥ വേർപാടിന്റെ അർത്ഥം.

നാം സ്വയം ദൈവമക്കളെന്നു ഗണിച്ചേക്കാം. എന്നാൽ ക്രിസ്തുവിന്റെ ക്രൂശിലെ വേർപാട് എന്ന ഈ തത്വം അതിന്റെ പൂർണ്ണവിലയിൽ നാം സ്വീകരിക്കുന്നില്ലെങ്കിൽ, തന്റെ മക്കളെ സംബന്ധിച്ചു ദൈവം ആഗ്രഹിക്കുന്ന ധനം നമുക്ക് സ്വപ്നംപോലും കാണാൻ കഴിയാത്തവണ്ണമുള്ളതാണ് (2 കൊരി. 6:14 -18). അതു നാം ഇതുവരെയും അവകാശപ്പെടുത്തിയിട്ടില്ല. നമ്മുടെ ഹൃദയം പല കാര്യങ്ങളിൽ ഏർപ്പെട്ടും, നമ്മുടെ കരങ്ങൾ ഈ ലോകവും അതിന്റെ വസ്തുക്കളും കൊണ്ടു നിറഞ്ഞും ഇരിക്കുന്നതിനാൽ നമുക്കതു തരുവാൻ ദൈവത്തിനു കഴിയുന്നില്ല.

**ക്രൂശിന്റെ അർത്ഥം മരണം**

തന്റെ അനുയായികളോടു യേശു പ്രസ്താവിച്ച ക്രൂശു നാം യഥാർത്ഥമായി സ്വീകരിക്കുന്നുവെങ്കിൽ, അതിന്റെ അർത്ഥം നമ്മുടെ മരണമാണ്. നിലത്തുവീഴുന്ന ഗോതമ്പുമണി കാലിനിടയിൽ മെതിക്കപ്പെടുമ്പോൾ അതിന്റെ പുറംതോടു പൊട്ടിതുറന്ന് ഒട്ടും ഭംഗിയില്ലാത്തതായി തീരും. അതേ വിധം തന്റെ ക്രൂശെടുത്തു യേശുവിനെ അനുഗമിക്കുന്ന വിശ്വാസി ഈ ലോകത്തിൽ ആകർഷണീയനല്ലാത്തതായിത്തീരുന്നു. ലോകം അവനെ നിന്ദിക്കുന്നു. മുമ്പ് അവനിലുണ്ടായിരുന്ന പലതും ലോകം അഭിനന്ദിച്ചെങ്കിലും ഇന്ന്

അഭിനന്ദനമില്ല. തന്റെ കർത്താവിനെപ്പോല അവൻ ഇന്നു മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും ഇരിക്കുന്നു. പഴയനിയമകാലത്തു യാഗപീഠത്തിലുള്ള യാഗത്തെ തീ ദഹിപ്പിച്ചു ചാമ്പലാക്കുന്ന തുപോലെ ക്രിസ്തുവിന്റെ ക്രൂശ് ഒരുവനെ മരണത്തിന് ഇരയാക്കുന്നു. കർത്താവിനുവേണ്ടിയുള്ള യഥാർത്ഥ സമർപ്പണത്തിന്റെ അർത്ഥം എപ്പോഴും അതു തന്നെയാണ്. ദൈവത്തിനു സമർപ്പിക്കപ്പെടുന്ന ജീവിതത്തെ സ്വയത്തിനുവേണ്ടിയോ ലോകത്തിനുവേണ്ടിയോ ജീവിക്കാൻ കഴിയാതെ ദൈവത്തിനുവേണ്ടി മാത്രം ജീവിക്കാൻ ഇടയാകുമാറു സ്വർഗ്ഗീയ അഗ്നി ദഹിപ്പിക്കും. അവൻ ലോകത്തിനും ലോകം അവനും ക്രുശിക്കപ്പെട്ടിരിക്കും (ഗലാ. 6 : 14) ഈ വസ്തുത ഗണ്യമാക്കാത്ത ഉപരിപ്ലവമായ സമർപ്പണങ്ങൾ വിശ്വാസികളുടെ ഇടയിൽ ധാരാളം നടക്കുന്നുണ്ട്. “അവൻ തന്റെ ക്രുശെടുക്കട്ടെ” എന്നാണു രക്ഷകൻ പറഞ്ഞത്; ഈ സമർപ്പണം മാത്രമാണു ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നത്. പഴയനിയമകാലത്തു യാഗപീഠത്തിൽ അഗ്നിയാൽ ദഹിക്കപ്പെടാത്ത ഒരു യാഗത്തെയും ദൈവം അംഗീകരിച്ചിരുന്നില്ല. ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കേണ്ടതിനു നമ്മെത്തന്നെ പലപ്പോഴും ദൈവസന്നിധിയിൽ ഏൽപിച്ചുകൊടുത്തിരിക്കാം. എന്നാൽ ഈ വിധത്തിൽ മരണത്തിനു വിധേയനാകുന്നതിനു നമ്മെ ഏൽപിച്ചുകൊടുത്തിട്ടുണ്ടോ? ദൈവത്തിന്റെ ഹിതാനുസരണം എന്തും നമ്മിൽനിന്ന് എടുത്തുമാറ്റുന്നതിനും നാം നമുക്കുവേണ്ടി ആലോചിച്ചുവച്ചിട്ടുള്ള അഭിലാഷങ്ങളും പദ്ധതികളും എല്ലാം തകർത്തു ചാരമാക്കുന്നതിനും നാം ദൈവത്തെ അനുവദിച്ചിട്ടുണ്ടോ? ക്രൂശിന്റെ അർത്ഥം അതാണ്.

യേശുക്രിസ്തുവിനെ പിൻപറ്റുന്നുവെന്ന് അഭിമാനിക്കുന്ന വിശ്വാസികൾ അതേസമയം ക്രിസ്തുവിനെ ത്യജിച്ചു ക്രൂശിച്ച ലോകത്തിൽ ബഹുമാനവും പ്രശസ്തിയും അന്വേഷിക്കുന്നത് ആശ്ചര്യകരമാണ്. അവരുടെ ക്രിസ്ത്യാനിത്വം കപടമായ ക്രിസ്ത്യാനിത്വം അല്ലാതായിരിക്കാൻ ഇടയില്ല. ലോകത്തിലോ; എന്തിനു ക്രിസ്തീയ ഗോളത്തിൽ തന്നെയോ ലഭിക്കുന്ന ബഹുമാനവും പ്രശസ്തിയും ദൈവാനുഗ്രഹത്തിന്റെ ലക്ഷണമല്ല. നേരെമറിച്ചു നാം നിരന്തരം സൂക്ഷിച്ചിരിക്കണ

> **തന്റെ അനുയായികളോടു യേശു പ്രസ്താവിച്ച ക്രൂശു നാം യഥാർത്ഥമായി സ്വീകരിക്കുന്നുവെങ്കിൽ, അതിന്റെ അർത്ഥം നമ്മുടെ മരണമാണ്. നിലത്തുവീഴുന്ന ഗോതമ്പുമണി കാലിനിടയിൽ മെതിക്കപ്പെടുമ്പോൾ അതിന്റെ പുറംതോടു പൊട്ടി തുറന്ന് ഒട്ടും ഭംഗിയില്ലാത്തതായി തീരും. അതേ വിധം തന്റെ ക്രൂശെടുത്തു യേശുവിനെ അനുഗമിക്കുന്ന വിശ്വാസി ഈ ലോകത്തിൽ ആകർഷണീയനല്ലാത്തതായിത്തീരുന്നു. ലോകം അവനെ നിന്ദിക്കുന്നു.**

**ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കേണ്ടതിനു നമ്മെ ത്തന്നെ പലപ്പോഴും ദൈവ സന്നിധിയിൽ ഏൽപിച്ചു കൊടുത്തിരിക്കാം. എന്നാൽ ഈ വിധത്തിൽ മരണത്തിനു വിധേയനാ കുന്നതിനു നമ്മെ ഏൽപി ച്ചുകൊടുത്തിട്ടുണ്ടോ? ദൈവത്തിന്റെ ഹിതാനു സരണം എന്തും നമ്മിൽനിന്ന് എടുത്തുമാ റ്റുന്നതിനും നാം നമുക്കു വേണ്ടി ആലോചിച്ചുവച്ചി ട്ടുള്ള അഭിലാഷങ്ങളും പദ്ധതികളും എല്ലാം തകർത്തു ചാരമാക്കുന്ന തിനും നാം ദൈവത്തെ അനുവദിച്ചിട്ടുണ്ടോ?**

മെന്നു യേശു തന്നെ പറഞ്ഞ കാര്യങ്ങളാണവ (ലൂക്കോ. 6 : 26). ലോകം തന്നെ സ്വീകരിച്ചോ തിരസ്കരിച്ചോ എന്നുള്ളത് അവനെ സംബന്ധിച്ചു നിസ്സാരമായിരുന്നു. കാരണം, അവൻ ക്രൂശാരോഹണത്തിനു വളരെ മുമ്പു തന്നെ ആത്മാവിൽ ഈ ലോകത്തിനു മരിച്ചുകഴിഞ്ഞിരുന്നു. ലോകത്തിൽ ജനപ്രീതി നഷ്ടപ്പെടുത്താൻ അവൻ മനഃപൂർവം യാതൊന്നും ചെയ്തില്ല; എങ്കിലും തന്റെ പിതാവിന്റെ ഹിതനിർവഹണത്തിന്റെ ഫലം ലോകത്തിന്റെ അപ്രീതിയാണെങ്കിൽ അതു യേശുവിനെ ഒട്ടും അസ്വസ്ഥനാക്കിയില്ല.

ശിഷ്യന്റെയും മനോഭാവം അതു തന്നെ ആയിരിക്കണം. 'ക്രിസ്തുനിമിത്തം ഭോഷൻ' (1 കൊരി. 4 : 10) എന്നു പൗലൊസ് സ്വയം വിളിച്ചത് ആതുകൊണ്ടാണ്. ഈ ബിരുദം –'ക്രിസ്തുനിമിത്തം ഭോഷൻ' (Fool for Christ's sake- F.F.C.S) വേറെ ഏതു ലോകബിരുദങ്ങളെക്കാളും ഏറ്റവും കാമ്യമായതാണ്. പൗലൊസ് പോയിടത്തെല്ലാം അവനെ ഒരു ഭോഷനെപ്പോലെ നിന്ദിച്ചവരുണ്ടായിരുന്നു. എന്നാൽ ഇതൊന്നും അവനെ ചഞ്ചലപ്പെടുത്തിയില്ല. തന്റെ ഗുരുവിനെപ്പോലെ അവനും ലോകത്തിനു മരിച്ചവനായിരുന്നു.

ഒരു പട്ടണത്തിൽ വേദവാക്യങ്ങൾ എഴുതിയ പ്ലാക്കാർഡുകൾ ധരിച്ചുകൊണ്ടു തെരുവിൽക്കൂടി നടന്നു കർത്താവിനെ സാക്ഷിക്കുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ഈ കാരണത്താൽ അവൻ പട്ടണത്തിൽ പലരുടെയും ആക്ഷേപപാത്രമായിരുന്നു. ഒരു ദിവസം അവൻ വെളിയിലേക്കു പോയപ്പോൾ അവന്റെ മുൻഭാഗത്തു തൂക്കിയിരുന്ന പ്ലാക്കാർഡിൽ 'ഞാൻ ക്രിസ്തുനിമിത്തം ഭോഷൻ' എന്നും പിൻഭാഗത്തിൽ 'നിങ്ങൾ ആരുടെ ഭോഷൻ?' എന്നും എഴുതിച്ചേർത്തിരുന്നു.

നാം മനസ്സിലാക്കിയാലും ഇല്ലെങ്കിലും ക്രിസ്തുനിമിത്തം ഭോഷന്മാരായിത്തീരുന്നതിനു തയ്യാറല്ലെങ്കിൽ നാം പിശാചിന്റെ ഭോഷന്മാരായിരിക്കുമെന്നു ഗ്രഹിക്കുന്നുണ്ടോ? ക്രൂശു സ്വീകരിക്കയെന്നാൽ ലോകം പഴിക്കുകയോ പ്രശംസിക്കുകയോ എന്തു ചെയ്താലും സാരമാക്കാത്തവിധം ലോകത്തിനു മരിച്ചവന്റെ സ്ഥാനം സ്വീകരിക്ക എന്നാണർത്ഥം. പല ചെറുപ്പക്കാരും കർത്താവിനുവേണ്ടി ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നതിനെ മിക്കപ്പോഴും നിയന്ത്രിക്കുന്നതും പലപ്പോഴും പൂർണ്ണമായി തടസ്സപ്പെടുത്തുന്നതുമായ അവരിലുള്ള 'ഒരു കുറവ്'

ഇതാണ്. ഈ ഒരു കുറവു നമുക്കുണ്ടെങ്കൽ, എത്ര തന്നെ വിദ്യാഭ്യാസ യോഗ്യതകളോ കൃപാവരങ്ങളോ താലന്തുകളോ ഉണ്ടായിരുന്നാലും കർത്തൃശുശ്രൂഷയിൽ അവയെക്കൊണ്ട് ഒരു പ്രയോജനവുമില്ല.

ക്രൂശ് എന്നാൽ ഈ ലോകത്തിനു മരിക്കുക എന്നു മാത്രമല്ല അർത്ഥം; പിന്നെയോ നമ്മുടെ ഇച്ഛകൾക്കും മരിക്കണം എന്നാണ്. നാം ഇതുവരെയും ചിന്തിച്ചുകൊണ്ടിരുന്നതിനെക്കാൾ പ്രയാസമേറിയ ഒന്നാണിത്. കാരണം, ദൈവത്തിന്റെ പാതയല്ലാതെ സ്വന്ത വഴികൾ നാം ഇനിയും ആഗ്രഹിക്കുന്നില്ല എന്നാണ് അതിന്റെ അർത്ഥം. നമ്മുടെ അവകാശങ്ങൾക്കുവേണ്ടി നാം ഇനി നിൽക്കുന്നില്ലെന്നും അതിന് അർത്ഥമുണ്ട്. മറ്റുള്ളവർ ഉപദ്രവിക്കുമ്പോൾ പകരം വീട്ടുവാൻ ഇനി നമുക്ക് താൽപര്യമില്ല. ഇതാണ് ഗിരിപ്രഭാഷണത്തിൽ യേശു തന്റെ ശിഷ്യന്മാർക്ക് ഉയർത്തികാട്ടിയ ജീവിതത്തോത് (മത്താ. 5, 6, 7 ). കഷ്ടം! ഇന്ന് നമ്മുടെ ചുറ്റും അവിശ്വാസികളിൽ മാത്രമല്ല, അനേക വിശ്വാസികളിൽപ്പോലും കാണുന്ന ജീവിതം ഇതിൽനിന്ന് എത്രയോ വിഭിന്നമാണ്! ഈ അധ്യായങ്ങളിൽ യേശു നിർദ്ദേശിച്ചിരിക്കുന്ന നിലവാരം അനേകരും ഒന്നു നോക്കിയിട്ട് അതിൻപ്രകാരം ജീവിക്കുവാൻ വളരെ പ്രയാസം എന്നു പറഞ്ഞിട്ടുണ്ട്. അതു പാലിക്കാൻ വളരെ പ്രയാസമെന്നു മാത്രമല്ല, അസാധ്യം തന്നയാണ്! അനുദിനവും നമ്മുടെ ജീവിതത്തിൽ ക്രൂശുവഹിക്കുവാൻ നാം ഒരുക്കമില്ലെങ്കിൽ അതു തീർച്ചയായും അസാധ്യമാണ്. എന്നാൽ ക്രിസ്തുവിന്റെ കർത്തൃത്വത്തിനു നമ്മുടെ ജീവിതത്തെ വിധേയപ്പെടുത്തിക്കൊടുക്കുമ്പോൾ മനഷ്യർ നമ്മോടു ചെയ്യുന്നതിനെല്ലാം പകരത്തിനു പകരം ചെയ്യാതെ സന്തോഷത്തോടെ കീഴ്വഴങ്ങുന്നതിനു നമുക്ക് സാധിക്കും. നമ്മോട് അങ്ങനെ പെരുമാറുന്നതിനു ദൈവം അവരെ അനുവദിച്ചിരിക്കുന്നു എന്നു നമുക്ക് അറിയാം എന്നതാണ് അതിന്റെ കാരണം.

തന്റെ ന്യായവിസ്താരസമയത്തു യേശുവിന്റെ മനോഭാവം ഇതായിരുന്നു. ഒറ്റ വാക്കുകൊണ്ടു തന്റെ സഹായത്തിനു 72000 ദൂതന്മാരെ വിളിക്കാമായിരുന്നെങ്കിലും അതു ചെയ്യുവാൻ അവൻ വിസമ്മതിച്ചു. ഇവയെല്ലാം തന്റെ പിതാവ് അനുവദിച്ചിരിക്കുന്നു എന്നു വിശ്വസിച്ച് അവൻ വ്യാജാരോപണങ്ങൾക്കും നിന്ദയ്ക്കും അടിക്കും ക്രൂശീകരണത്തിനും വിനയത്തോടെ വിധേയനായി. ന്യായവിസ്താരസമയത്ത് ഒരു പുഴുവിനെപ്പോലെ (സങ്കീ. 22 : 6) യേശുവിനെ കരുതി, നിന്ദയോടെ അവൻ കാൽക്കീഴിൽ മെതിക്കപ്പെട്ടു. പാമ്പും പുഴുവും തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ, പാമ്പിനെ ചവിട്ടുകയാണെങ്കിൽ അതു തിരിച്ചടിക്കും; എന്നാൽ പുഴുവിനെ നിങ്ങൾ കാലിനടിയിൽ മെതിച്ചാൽ തന്നെയും അത് ഒരിക്കലും പകരം വീട്ടുകയില്ല. ഒന്നിൽ പിശാചിന്റെ മനോഭാവം; മറ്റേതിൽ ദൈവപുത്രന്റെ മനോഭാവമാണുള്ളത്. മനുഷ്യർ നമ്മെ ദ്രോഹിക്കുമ്പോഴോ നമ്മുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുമ്പോഴോ ഇതിൽ ഏതെങ്കിലും ഒരു മനോഭാവമായിരിക്കും നമ്മുടെ പ്രതികരണം. ഇതുവരെയും ഇതിൽ ഏതായിരുന്നു നിങ്ങളുടെ മനോഭാവം? (തുടരും)

❖

**മിഷനറി ചരിത്രങ്ങൾ**

# ദൈവത്തിനായി എരിഞ്ഞടങ്ങാൻ ആഗ്രഹിച്ച ഹെൻട്രി മാർട്ടിൻ



"ഇപ്പോൾ ഞാൻ ദൈവത്തിനായി എരിഞ്ഞടങ്ങട്ടെ!" 1806 ഏപ്രിലിൽ കൽക്കട്ട തുറമുഖത്ത് കപ്പലിറങ്ങുമ്പോൾ ഹെൻട്രി മാർട്ടിൻ എന്ന യുവാവായ സൈന്യപുരോഹിതന്റെ (ചാപ്ലിൻ) നാവിൽ നിന്നും അടർന്നു വീണ വാക്കുകളാണിവ. ആറു വർഷങ്ങൾക്കുശേഷം തന്റെ മുപ്പത്തിയൊന്നാം വയസ്സിൽ ശുശ്രൂഷകൾ തികച്ച് ദൈവസന്നിധിയിലേക്ക് മടങ്ങുമ്പോൾ, ഒരു ജീവിതകാലം കൊണ്ട് ചെയ്യേണ്ട പ്രവൃത്തികളെല്ലാം ആ ചുരുങ്ങിയ കാലംകൊണ്ട് പൂർത്തിയാക്കുവാൻ മാർട്ടിന് കഴിഞ്ഞു! സാങ്കേതികമായി താനൊരു മിഷനറിയായിരുന്നില്ലെങ്കിലും, ഇന്ത്യയിലെ സുവിശേഷവേലയ്ക്കായുള്ള തന്റെ ആത്മസമർപ്പണവും അവിശ്വസനീയമായ നിശ്ചയദാർഢ്യവും കൊണ്ട് ഒരു പുതിയ മിഷണറി മാതൃകയ്ക്ക് തുടക്കമിടുവാൻ ഹെൻട്രി മാർട്ടിന് സാധിച്ചു.

1781 ഫെബ്രുവരി 18ന് ഇംഗ്ലണ്ടിലെ 'കോൺവാൾ' എന്ന സ്ഥലത്താണ് ഹെൻട്രി മാർട്ടിൻ ജനിച്ചത്. പിതാവായ ജോൺ മാർട്ടിൻ ഒരു ഖനിത്തൊഴിലാളിയായിരുന്നു. പിന്നീടു സ്വന്തം പരിശ്രമത്താൽ ഗണിതശാസ്ത്രം അഭ്യസിച്ചു. ജോൺ മാർട്ടിന് അന്നാട്ടിലെ ഒരു വ്യാപാരികുടുംബത്തിലെ കണക്കെഴുത്തുകാരനായി ജോലി ലഭിച്ചു. ആത്മീയകാര്യങ്ങളിൽ വളരെ ശുഷ്കാന്തിയുള്ളവനായിരുന്നു ജോൺ മാർട്ടിൻ. മകൻ ഹെൻട്രിയെ ഒരു നല്ല അഭിഭാഷകനാക്കുക എന്നതായിരുന്നു ജോണിന്റെ ആഗ്രഹം.

സ്കൂൾ പഠനത്തിനുശേഷം 1797ൽ കേംബ്രിഡ്ജിലെ സെന്റ് ജോൺസ് കോളജിൽ ഹെൻട്രി തന്റെ കലാലയ ജീവിതം ആരംഭിച്ചു. പഠനകാര്യങ്ങളിൽ ഹെൻട്രി വളരെ മിടുക്കനായിരുന്നു. എന്നാൽ തന്റെ ആത്മീയാവസ്ഥയുടെ പാപ്പരത്തം അക്കാലത്ത് അയാൾക്ക് ബോധ്യമായി. തുടർന്ന് തന്റെ പിതാവ്, സഹോദരി തുടങ്ങിയ പല

രുടെയും സ്വാധീനത്താൽ യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിലേയ്ക്ക് ഹെൻട്രി വന്നു. തൽഫലമായി ആത്മീയകാര്യങ്ങളെയും ദൈവവചനത്തെയും വളരെ ഗൗരവമായി ഹെൻട്രി കാണുവാൻ തുടങ്ങി. വിവിധ ഭാഷകൾ പഠിക്കുവാനുള്ള കഴിവും ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നു. ഗ്രീക്ക്, എബ്രായ, ലാറ്റിൻ ഭാഷകളിൽ നല്ല പ്രാവീണ്യം നേടി. തുടർന്ന് ഉർദു, ബംഗാളി, പേർഷ്യൻ, അറബി തുടങ്ങിയ ഭാഷകൾ പഠിക്കുവാൻ അദ്ദേഹം കഠിന പരിശ്രമം നടത്തി. കേംബ്രിഡ്ജിലെ ട്രിനിറ്റി പള്ളിയിലെ വികാരിയായിരുന്ന ചാൾസ് സിമയോണുമായി അദ്ദേഹത്തിന് ഈ സമയത്തുതന്നെ അടുത്ത സൗഹാർദ്ദം ഉണ്ടായിരുന്നു. 1799 മുതൽ സിമയോണിന്റെ പള്ളിയിൽ മാർട്ടിൻ പതിവായി പോകുമായിരുന്നു. മിഷനറി വേലയ്ക്കായി അനേകം ചെറുപ്പക്കാരെ വാർത്തെടുക്കുവാൻ സിമയോണിന് അക്കാലത്ത് കഴിഞ്ഞിരുന്നു.

തന്റെ കലാലയ ജീവിതത്തിന്റെ ആദ്യകടമ്പയായ ബിരുദപഠനം ഏറ്റവും ഉന്നതമായ നിലയിലാണ് ഹെൻട്രി പൂർത്തിയാക്കിയത്. പഠനത്തിൽ ഒന്നാമനായി വിജയിച്ചതിനാൽ 'സീനിയർ റാംഗ്ളർ' എന്ന പട്ടം അദ്ദേഹത്തിന് ലഭിച്ചു. ഒരു മികച്ച അദ്ധ്യാപകനായുള്ള ജീവിതം അദ്ദേഹത്തിനു മുമ്പിൽ ഉണ്ടെന്ന് സഹപാഠികളും അദ്ധ്യാപകരും ഉറച്ചു വിശ്വസിച്ചിരുന്നു. എന്നാൽ ഹെൻട്രിയുടെ തീരുമാനം മറ്റൊന്നായിരുന്നു. 1803 ൽ ചാൾസ് സിമയോണിന്റെ സഹകാരിയായി ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ കീഴിൽ സഭാശുശ്രൂഷകനായി ഹെൻട്രി സ്വയം സമർപ്പിച്ചു. ഇക്കാലത്ത് അദ്ദേഹത്തെ സ്വാധീനിച്ച മറ്റൊരുകാര്യം മിഷണറിമാരായ ഡേവിഡ് ബ്രയിനാർഡ്, വില്യം കേറി തുടങ്ങിയവരുടെ ജീവിതാനുഭവങ്ങളായിരുന്നു. ചൈനയിലേക്ക് മിഷണറിയായിപ്പോകുവാനായിരുന്നു ഹെൻട്രിക്കു താല്പര്യം. എന്നാൽ തന്റെ പിതാവിന്റെ വിയോഗവും കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ ഒരു ചാപ്ലിൻ ജോലി ലഭിച്ചപ്പോൾ അത് അദ്ദേഹം സന്തോഷത്തോടെ സ്വീകരിച്ചു. ഇന്ത്യയിൽ പോയി അവിടുള്ള ബ്രിട്ടീഷുകാരുടെ ഇടയിൽ ആത്മീയശുശ്രൂഷ ചെയ്യുക എന്നതായിരുന്നു ചാപ്ലിന്റെ ഉത്തരവാദിത്തം. എന്നാൽ ഇന്ത്യയിലെ സുവിശേഷവേലയെ വിശാലമാക്കുക എന്നതായിരുന്നു ഹെൻട്രി മാർട്ടിന്റെ ഹൃദയത്തിലെ താല്പര്യം. അങ്ങനെ അദ്ദേഹം തന്റെ ജീവിതത്തിൽ ലാഭമായിരുന്ന പലതിനെയും ചേതമെന്നെണ്ണി 1805ൽ ഇന്ത്യയിലേക്ക് കപ്പൽ കയറി. "മറ്റൊരു ലോകത്തിനായി മാത്രം ജീവിക്കുവാനായി ഭൗമികമായ എല്ലാ ഇഷ്ടങ്ങളെയും വേരോടെ പിഴുതെറിയുക എന്നത് അത്യധികം ക്ലേശകരമെങ്കിലും അതിമഹത്തായ ഒരു കാര്യമാണ്" എന്നാണ് തന്റെ വ്യക്തിപരമായ നഷ്ടങ്ങളെക്കുറിച്ച് ഹെൻട്രി തന്റെ ഡയറിയിൽ രേഖപ്പെടുത്തിയത്. ലിഡിയ ഗ്രൻഫോൾ എന്ന യുവതിയെ വിവാഹം കഴിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു എങ്കിലും മിഷനറിവേലയെക്കുറിച്ചുള്ള എരിവുമൂലം തൽക്കാലത്തേക്ക് അതു വേണ്ടന്ന് വെയ്ക്കുവാൻ ഹെൻട്രി മാർട്ടിൻ തീരുമാനിച്ചു.

**ഭാരതത്തിന്റെ മണ്ണിൽ**

305 ദിവസത്തെ കപ്പൽയാത്രയ്ക്കുശേഷം, 1806 ഏപ്രിലിൽ ഹെൻട്രി മാർട്ടിൻ കൽക്കട്ടയിൽ എത്തിച്ചേർന്നു. ഈ ദീർഘയാത്രയിൽ ധാരാളം നല്ല അനുഭവങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. ഭാഷാപഠനത്തിനും സുവിശേഷത്തിനും തുറമുഖപട്ടണങ്ങളിൽ താമസിച്ചിരുന്ന ചില മിഷണറി സുഹൃത്തുക്കളെ കാണുവാനും മറ്റ് സഭാവിഭാഗങ്ങളിൽപ്പെടുന്നവരോട് വിശ്വാസസത്യങ്ങൾ പങ്കുവെക്കുവാനും അവരിൽ പലരെയും സുഹൃത്തുക്കളാക്കുവാനും കപ്പലിലെ നാവികരെ ശുശ്രൂഷിക്കുവാനും യാത്രയിൽ ഹെൻട്രി മാർട്ടിനു സാധിച്ചു. കൽക്കട്ടയിൽ എത്തിയ ഹെൻട്രിയെ സ്വീകരിക്കുവാനായി എത്തിയത് ബാപ്റ്റിസ്റ്റ് മിഷണറിയായിരുന്ന സാക്ഷാൽ വില്യം കേറിയായിരുന്നു. ഒരുമിച്ച് പ്രഭാതഭക്ഷണം കഴിച്ചതിനുശേഷം അവർ ബംഗാളിയിൽ പ്രാർത്ഥിച്ചു പിരിഞ്ഞു.

ഏതാണ്ട് അഞ്ച് മാസങ്ങൾ സെറാമ്പൂരിലും പരിസരങ്ങളിലും ഹെൻട്രി മാർട്ടിൻ താമസിച്ചു പ്രവർത്തിച്ചു. ജാതിമത ഭാഷാ ഭേദം കൂടാതെ നാട്ടുകാരുമായി ഇടപഴകുവാനും സുവിശേഷസന്ദേശങ്ങൾ പങ്കുവെക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ബ്രിട്ടീഷ് സൈനിക, സർക്കാർ ഉദ്യോഗസ്ഥന്മാരോടും അവരുടെ ഭാര്യമാരോടും സാധാരണ പട്ടാളക്കാരോടും തദ്ദേശീയരോടും അശരണരും രോഗികളുമായ സാധാരണക്കാരോടും ഹെൻട്രി മാർട്ടിന് പറയുവാനുണ്ടായിരുന്നത് ഒരേയൊരു സന്ദേശം മാത്രമായിരുന്നു. ദൈവത്തിലേക്കുള്ള മാനസാന്തരവും ക്രിസ്തുയേശുവിലുള്ള വിശ്വാസവും. അക്കാലത്ത് തന്റെ ഡയറിയിൽ ഹെൻട്രി മാർട്ടിൻ കുറിച്ചിട്ടത് ഇപ്രകാരമായിരുന്നു, "എന്റെ അരിഷ്ടാവസ്ഥയിൽ മനസ്സലിഞ്ഞ് അങ്ങയുടെ വേലയെ പുനരുദ്ധരിക്കുകയും എന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യേണമേ! അവിടുന്നാണ് പുനരുത്ഥാനവും ജീവനും. ഈ വചനത്തിൽ ഞാൻ വിശ്രമിക്കട്ടെ. എന്റെ ജ്ഞാനം ഭോഷത്തവും എന്റെ കരുതൽ നിഷ്പ്രയോജനവുമെന്ന് ഞാൻ തിരിച്ചറിയുന്നു. അതിനാൽ ഓരോ ദിവസവും അവിടുത്തെ സ്നേഹത്തിലും കരുതലിലും ആശ്രയിച്ച് സന്തോഷത്തോടെ ജീവിക്കുവാൻ ഞാൻ ശ്രമിക്കുന്നു." ചൂടും പൊടിയും നിറഞ്ഞ അന്തരീക്ഷത്തിലും ദിവസവും തുടർച്ചയായി രണ്ടും മൂന്നും പ്രസംഗങ്ങൾ പ്രദേശിക ഭാഷകളിൽ അദ്ദേഹം ചെയ്യുമായിരുന്നു. അശരണർക്കും സത്യാന്വേഷികൾക്കുമായി തന്റെ ഭവനത്തിന്റെ കവാടങ്ങൾ സദാ തുറന്നിട്ടിരുന്നു. തദ്ദേശീയരായ കുട്ടികൾക്കായി ഹെൻട്രി മാർട്ടിൻ, സ്കൂളുകൾ ആരംഭിച്ചു. ആശുപത്രികൾ സന്ദർശിക്കുകയും 'പരദേശി മോക്ഷയാത്ര' എന്ന പുസ്തകത്തിലെ ഭാഗങ്ങൾ രോഗികളെ വായിച്ചുകേൾപ്പിക്കുകയും ചെയ്തിരുന്നു. സെറാമ്പൂറിലെ ബാപ്റ്റിസ്റ്റ് സമൂഹവുമായി ചേർന്നു നില്ക്കുവാൻ ഹെൻട്രിക്ക് ഒരു പ്രയാസവുമില്ലായിരുന്നു. 'ഹെൻട്രി മാർട്ടിൻ പോകുന്നിടത്ത് സഭയ്ക്ക് മറ്റൊരു മിഷണറിയെ അയക്കേണ്ടി വരില്ല,' എന്നായിരുന്നു വില്യം കേറി അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്.

(തുടരും)

**ബോബി കുര്യൻ**

❖

YOUTH SECTION



# The Necessity and Power of True Fellowship

Sandeep Poonen

We live in a time when there is unparalleled access to the Christian message. We have so many books, sermons, articles, videos, movies, and every other medium proclaiming the good news of Jesus. Of course, all of them are not equally good, but there are still plenty of really good resources amidst the mediocrity.

But one of the dangerous downsides of this is that we can deceive ourselves into devaluing the necessity and power of true fellowship with other believers. It can seem so right that a combination of a disciplined daily walk with God, praying regularly, doing good works, reading the Bible, and listening to good sermons, is sufficient. So having godly brothers/sisters around us is of course wonderful, but it's a "nice to have" luxury.

I thought this way for quite a while. But I now see this to be a wrong view of the Christian life. The Lord has called us not just to be *righteous in Him* but also to be His Body on earth, *ambassadors for Him*. And none of us can be the Body of Christ by ourselves. Only when we are united in fellowship with other like-minded believers (in what I see to be the local church) can we fulfill the full purpose of why He has called us.

I find the story of Paul and Barnabas gives us some great lessons to learn from.

**1. Paul and Barnabas were brought together by the supernatural working of the Holy Spirit (Acts 13:1-3).**

Similarly, the fellowship that we have with other believers must be backed and sustained by the Holy Spirit. There does not need to be some great event like in Acts 13, but it must be something that the Lord directs. In the context of the church, Jesus talks about 2 or 3 who "are gathered together" (Matthew 18:18-20). The Holy Spirit is the only One who can do the gathering and uniting. So we need to move beyond this idea of fellowship that consists of hanging out with good Christian friends, or having a good mid-week Bible study where we get together to discuss things in Scripture. True Christian fellowship and unity with other believers (even if it is just "two or three") must be of the same freedom and joy as the fellowship that God seeks to share with us (1 John 1:4; John 17:22-26).

In my own local church, I see how the Lord supernaturally directed above and beyond my own ideas for leaders, and brought two brothers who are co-elders with me in my local church. I didn't see the impact of that choice back then, but thankfully the Lord graciously led that decision, and I see the immense wisdom in His choice so much more clearly now.

**2. Paul and Barnabas faced opposition from Jewish false prophets and religious leaders. But they remained strong through this, and did not allow the opposition to drive a wedge between them.**

Throughout history, we see that the god of this world (the devil) hates the message of Jesus. And very often, the devil is able to do his best work through religious leaders who claim to know God but don't. Godless heathen people can be very evil in their opposition to the gospel, but the harshest attacks to the people of God often come from other religious Christians. Religious leaders spearheaded the crucifixion of Jesus in the name of God. Religious leaders persecuted Paul the most. And throughout history, Christians standing for the truth often find their cruelest opposition from other so-called Christians.

I have seen this clearly in my father's broader ministry and even to a small extent, in my local church as well. The greatest opposition to the work are from other Bible-touting Christians. In the name of Jesus, they will even stoop to all sorts of shameful acts of evil to satisfy their selfish ambition and jealousy. But thankfully, the devil has not succeeded in this. And as long as there is a sincere and earnest longing for like-minded fellowship, the devil will never succeed to break the Spirit's bonds of unity.

**3. Barnabas recognized the superior gifting upon Paul but remained united.**

When Paul and Barnabas began their ministry, Scripture describes them in the order of "Barnabas and Paul" (Act 13:2). We then read how Paul rebuked the false prophet Elymas and led the pro-counsul Sergius Paulus to the Lord (Acts 13:5-12). From then on, the order changes to Paul being named first. Thankfully, even this greater gifting upon Paul did not bring division between Paul and Barnabas. Even though Barnabas was senior to Paul and had been the first to accept Paul after his conversion (Acts 9:27), he humbly accepted the greater grace and authority that was evident in Paul's ministry. So he made way for Paul to take the lead in their ministry.

So also, in the building of the church of likeminded believers joined in fellowship, all are not equal in ministry and gifting. Some might have an extraordinary amount of gifts, while others have a few. The beauty of the Body of Christ here on earth is not in the display of one man's gift, but in the *unity and genuine deep fellowship* of a group of believers of varying gifts. Here again, I've seen this in my father's church ministry again. The Lord

has given him an immense amount of gifts. But the greater beauty by far is that the Lord has brought others who were less gifted in spiritual gifts, to be a united group of believers, seeking to build the church. And I seek the same in my local church too.

Sadly, we find that the unity and fellowship of Paul and Barnabas does not remain till the end of their lives. In Acts 15:36-41, we read about a difference of opinion between Paul and Barnabas. But this grew into such a huge conflict, that they split up and went in different directions. This was definitely a sin that both Paul and Barnabas bore responsibility for. So let me draw some lessons from that.

**1. Devaluing the Divine call**: Paul and Barnabas both forgot that the unity of Paul and Barnabas in ministry was supernaturally ordained by the Holy Spirit (Acts 13:1-3). Now there are legitimate and Biblical reasons for a parting of ways. But such separations should be where there are honest and sincere clear disagreements on obeying God's Word. This was not such a disagreement. And sadly, we don't seem to read that either Paul or Barnabas seeking to retain what the Holy Spirit had supernaturally ordained to bring together.

**2. Mistakes out of imbalance:** Immediately after the split, Paul sets out with Silas on his missionary journey. And the first thing we read in Act 16:1-3 is that he meets Timothy and circumcises him because the Jews in that area knew that Timothy's father was Greek. Barnabas would not have allowed Paul to do this. In just the previous chapter, Paul and Barnabas opposed the necessity of circumcision (Acts 15:1-12). They brought along Titus, whom they had not circumcised even though he was a Greek (Galatians 2:2). And the apostles in Jerusalem backed them up.

But after the split, Paul lost the important mature balance of Barnabas for his ministry. The Holy Spirit knew Paul needed this accountability and balance for his ministry, and had provided this in Barnabas. Silas as a new co-worker could not be a sufficient balance for the strong and seasoned Paul. So Silas could well have been too afraid to disagree with Paul after what had just happened between Paul and Barnabas. Also, we don't read that Paul and Silas took Timothy to be circumcised. This was a decision made and carried out unilaterally by Paul. Paul might not have seen the need to consult with his "junior" co-worker Silas in this decision.

But the good news is that this mistake didn't affect Paul long-term. Even if there was a strand of legalism or fear of man that caused Paul to circumcise Timothy, it definitely did not last long. In the very next verse, Acts 16:4 tells us that Paul was faithful to deliver the decrees of the apostles which said that circumcision was not necessary. So Paul, who sought to always maintain a good

## എഡിറ്റോറിയൽ തുടർച്ച ........

ളായിപ്പോകാം.

ഇന്ന് അത്തരം ചിലരെയെങ്കിലും നാം കണ്ടുമുട്ടാറുണ്ട്. ഒരിക്കൽ കർത്താവിൽ നിന്ന് അവർക്ക് ഒരു തുടക്കം ലഭിച്ചു. എന്നാൽ അവർ ഗൗരവ ബോധം ഉള്ളവരായിരുന്നില്ല. തങ്ങളിൽ കൊളുത്തപ്പെട്ട പരിശുദ്ധാത്മാവിന്റെ ജ്വാലയുടെ വിലയെക്കുറിച്ച് അവർക്കു ബോധ്യം ഉണ്ടായിരുന്നില്ല. അവർ ആ ജ്വാലയെ ഈ ലോകത്തിന്റെ ബിസിനസ്സ് താല്പര്യങ്ങളുടെ, മതഭക്തിയുടെ, മാനുഷിക സമ്പ്രദായങ്ങളുടെ ഒക്കെ പറകൊണ്ടു മൂടി വച്ചു. ക്രമേണ അതു കരിന്തിരി കത്താൻ തുടങ്ങി. ഒടുവിൽ പാടെ അണഞ്ഞു. എത്ര നിർഭാഗ്യകരം!

എന്നാൽ നിക്ഷിപ്തതാല്പര്യങ്ങളുടെ പറകൊണ്ടു മൂടി വയ്ക്കാതിരുന്നാൽ നമ്മിൽ ഒരു വെളിച്ചം ഉണ്ടെങ്കിൽ അതിനു പൊതുജനദൃഷ്ടിയിൽ നിന്നു മറഞ്ഞിരിക്കാനാവില്ല. യേശുവിന്റെ തന്നെ ജീവിതത്തിലെ ഒരു സന്ദർഭം മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക: “അവൻ അവിടെ നിന്നു പുറപ്പെട്ടു സീദോന്റേയും സോരിന്റേയും അതിർ നാട്ടിൽ ചെന്ന് ഒരു വീട്ടിൽ കടന്നു. ആരും അറിയരുത് എന്ന് ഇച്ഛിച്ചു എങ്കിലും മറഞ്ഞിരിപ്പാൻ സാധിച്ചില്ല” (7:24). അതെ, ആരും അറിയരുത് എന്ന് ഇച്ഛിച്ചാലും മറഞ്ഞിരിപ്പാൻ കഴിയുകയില്ല.

യേശുവിനെ സംബന്ധിച്ച മറ്റൊരുവാക്യം: “ചില ദിവസം കഴിഞ്ഞശേഷം അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു. അവൻ വീട്ടിലുണ്ടെന്നു ശ്രുതിയായി” (മർക്കോ.2:1) അതെ, അവൻ ഒരു വീട്ടിലുണ്ടെങ്കിൽ അതു രഹസ്യമായി ഏറെനാൾ വയ്ക്കാൻ കഴിയുകയില്ല. അതു നാട്ടിൽ പാട്ടാകും.

തന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ വ്യക്തമായ ഈ പ്രമാണം യേശു പിന്നീടൊരു സന്ദർഭത്തിൽ ഇങ്ങനെ പറയുന്നു: “മൂടി വച്ചത് ഒന്നും വെളിച്ചത്തു വരാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല. ആകയാൽ നിങ്ങൾ ഇരുട്ടത്ത് പറഞ്ഞത് എല്ലാം വെളിച്ചത്തു കേൾക്കും. അറകളിൽ വച്ചു ചെവയിൽ മന്ത്രിച്ചതു പുര മുകളിൽ ഘോഷിക്കും” (ലൂക്കോസ്

---

conscience (Acts 24:16), quickly adjusted his point of view. And we read that Paul and Silas united in ministry and in persecution.

All of this has been written for our instruction and benefit. Paul is clearly one of the greatest disciples of Jesus Christ that ever lived. So through this flaming witness for the Lord through his life, and even his mistakes, we see that Spirit-uniting fellowship is NECESSARY to enjoy the full benefits of the New Agreement (New Covenant).

So may the Lord renew in us a passion and uncontainable longing for united fellowship. Jesus came down to this earth, so that it wouldn't just be the Father, Son, and Holy Spirit in fellowship with each other. He came so that we too might have the same fellowship with Them; and we with one another as well (1 John 1:1-4).

❖

12:2,3). രഹസ്യമായ ശിഷ്യത്വം എന്നെങ്കിലും പരസ്യമാകാതിരിക്കുകയില്ല എന്നതു സാരം.

ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണം അരിമത്യയിലെ യോസേഫാണ്. യോസേഫിനെ സംബന്ധിച്ച രഹസ്യം ഒരിക്കൽ പരസ്യമായതിനെക്കുറിച്ച് ദൈവവചനം ഇങ്ങനെ രേഖപ്പെടുത്തുന്നു: "അനന്തരം യെഹൂദന്മാരെ പേടിച്ചിട്ടു രഹസ്യത്തിൽ യേശുവിന്റെ ഒരു ശിഷ്യനായിരുന്ന അരിമത്യയിലെ യോസേഫ് യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോകുവാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് അനുവദിക്കുകയാൽ അവൻ വന്നു അവന്റെ ശരീരം എടുത്തു" (യോഹ.19:38). യോസേഫ് യേശുവിന്റെ ഒരു രഹസ്യശിഷ്യനായിരുന്നു. എന്നാൽ അവിടുത്തെ മരണത്തോടെ അവൻ പരസ്യമായി മുന്നോട്ടു വന്ന് പീലാത്തോസിനോട് അനുവാദം വാങ്ങി അവിടുത്തെ ശരീരം സ്വന്തം കല്ലറയിൽ സംസ്ക്കരിച്ചു ചരിത്രത്തിൽ തന്റേതായ പരസ്യമായ ഒരു ഇടം കണ്ടെത്തി. ഉവ്വ്, 'മൂടിവച്ചത് ഒന്നും വെളിച്ചത്തുവരാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല.'

ഒരാൾ എടുക്കുന്ന ധീരമായ നിലപാട് മറ്റൊരാളെയും പരസ്യമായി രംഗത്തു വരാൻ പ്രേരിപ്പിക്കും എന്ന സത്യത്തിന് അടിവരയിട്ടുകൊണ്ട് അരിമത്യക്കാരൻ യോസേഫിന്റെ പരസ്യസാക്ഷ്യം മറ്റൊരു രഹസ്യശിഷ്യനെയും വെല്ലു വിളിക്കുന്നതും തൊട്ടടുത്ത വാക്യത്തിൽ നാം കാണുന്നു. "ആദ്യം രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കൊദേമൊസും ഏകദേശം നൂറുറാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടു കൊണ്ടുവന്നു." (19:39). പരീശപ്രമാണിയായ നിക്കൊദേമൊസ് യേശുവിന്റെ അടുക്കൽ ആദ്യം വന്നതു രാത്രിയിലാണ് (യോഹ. 3:2). മറ്റൊരു രഹസ്യശിഷ്യൻ. പക്ഷേ ഇപ്പോൾ പകൽവെട്ടത്ത് അവനു പരസ്യമായ ഒരു നിലപാടെടുക്കാതിരിക്കാൻ ആവില്ല. അതെ, 'ഇരുട്ടത്ത് പറഞ്ഞത് എല്ലാ വെളിച്ചത്തു കേൾക്കും.'

'ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കും' എന്ന ലൂക്കോസ് 12:3 ൽ തുടർന്നു കാണുന്നു. 'പുരമുകളിൽ' എന്നതിനു 'മലമുകളിൽ' എന്നൊരു പാഠഭേദം കൊണ്ടുവന്നാൽ ആ വചനം ഏറ്റവും കൂടുതൽ പ്രസക്തമാകുന്ന മറ്റൊരാൾ യേശുവിന്റെ ക്രൂശിൻ ചുവട്ടിലുണ്ട് -ശതാധിപൻ. യേശുവിനെ ക്രൂശിച്ച മലയുടെ മുകളിൽ നിന്നിതാ പെട്ടന്ന് ഉച്ചത്തിലൊരു ഘോഷം: "ഇവൻ ദൈവപുത്രൻ ആയിരുന്നു സത്യം. ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു" (മത്തായി 27:54; ലൂക്കോസ് 23:47). നിങ്ങൾ ശ്രദ്ധിച്ചോ?: 'യേശു സാക്ഷാൽ ദൈവപുത്രൻ ആയിരുന്നു' എന്നു ക്രൂശിന്റെ ചുവട്ടിൽ നിന്ന് ഉച്ചത്തിൽ ആദ്യം പ്രഘോഷിച്ചത് അവിടെ നിന്ന അരുമശിഷ്യൻ യോഹന്നാനല്ല. അമ്മ മറിയയല്ല, മറിച്ച് ഒരു റോമൻ ശതാധിപനാണ്. ഈ പരസ്യസാക്ഷ്യം പെട്ടന്നുണ്ടായ ഒരു തോന്നലിന്റെ ഫലമല്ല. നൂറു പട്ടാളക്കാരുടെ അധിപനായ ഇദ്ദേഹം ഏറ്റവും കുറഞ്ഞത് ആറേഴുമണിക്കൂറായി യേശുവിനോടൊപ്പമുണ്ട്. റോമൻ ഗവർണറായ പീലാത്തോസിന്റെ അരമനയിൽ നടന്ന വിചാരണയിൽ ഈ തടവുകാരൻ എത്ര കുലീനമായാണു പെരുമാറിയതെന്ന് ശതാധിപൻ ശ്രദ്ധിച്ചിരിക്കാം. (പീലാത്തോസ് അവിടെ–മത്തായി 27:24– യേശുവിനെ 'നീതിമാൻ' എന്നു പ്രഖ്യാപിക്കുന്നതിനോടു ചേർന്നു നില്ക്കുന്നതായിരുന്നിരിക്കണം അവനെക്കുറിച്ച് അവിടെ

വച്ചുള്ള ശതാധിപന്റെ ആന്തരിക സാക്ഷ്യവും. കാരണം ഒടുവിൽ മലമുകളിലെ പരസ്യസാക്ഷ്യത്തിൽ പീലാത്തോസിനെ അനുകരിച്ച് 'ഈ മനുഷ്യൻ വാസ്തവമായി നീതിമാനായിരുന്നു' എന്നാണല്ലോ ശതാധിപനും പറയുന്നത്!) തുടർന്നു പടയാളികൾ അവനെ രക്താംബരം ധരിപ്പിച്ച് മുള്ളുകൊണ്ടുള്ള കിരീടം ചൂടിച്ച് അടിച്ചും തുപ്പിയും പരിഹസിച്ചും നടത്തിക്കൊണ്ടു പോകുന്നു. വഴിയിലുടനീളം തന്നെ നിന്ദിക്കുന്ന പരീശന്മാരും മഹാപുരോഹിതന്റെ പിണിയാളുകളും. തന്നോടു സഹതപിക്കുന്ന യെരുശലേം പുത്രിമാർ, അവരോടുള്ള അവന്റെ പ്രതികരണം. തുടർന്നു ക്രൂശീകരണത്തിന്റെ ഭാഗമായുള്ള പീഡനങ്ങൾ, ക്രൂശിൽ കിടക്കുമ്പോഴും മറ്റുള്ളവരോടുള്ള സൗമ്യമായ പെരുമാറ്റം, ഒടുവിൽ ക്രുശിലെ സപ്തമൊഴികൾ- ഇവയല്ലാം ഇവൻ താൻ ക്രൂശിക്കാറുള്ള മറ്റു തടവുപുള്ളികളെപ്പോലെയല്ല, ഇവൻ വ്യത്യസ്തനാണ്, ഒരു സാധാരണ മനുഷ്യന് ഈ നിലയിൽ പ്രതികരിക്കാനാവില്ല, ഇവൻ നീതിമാനാണ്, അതിനും അപ്പുറത്ത് ഇവൻ സാക്ഷാൽ ദൈവപുത്രനാണ് എന്ന ബോധ്യം ശതാധിപനു നൽകി. മണിക്കൂറുകൾ കടന്നു പോകെ ശതാധിപനിൽ ഈ ബോധം വർദ്ധിച്ചുവരികയും സാക്ഷാൽ ദൈവപുത്രനായവന്റെ മുമ്പിൽ ഹൃദയം കൊണ്ട് അടിയറവു പറയുകയും ചെയ്തിരിക്കാം. രഹസ്യത്തിൽ മറ്റാരും അറിയാതെ നടന്ന ഒരു സമർപ്പണം.എന്നാൽ യേശു ശാന്തമായി തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏല്പ്പിച്ച് ഒരു കുഞ്ഞ് ഉറങ്ങും പോലെ സ്വസ്ഥമായി മരണത്തെ പുൽകിയപ്പോൾ അതു കണ്ടു നിന്ന ശതാധിപനു തന്റെ രഹസ്യ സമർപ്പണം പരസ്യമാക്കാതിരിക്കാൻ കഴിഞ്ഞില്ല. പരിശുദ്ധാത്മാവ് ഹൃദയത്തിൽ മന്ത്രിച്ചതു ശതാധിപൻ മലമുകളിൽ ഘോഷിക്കുന്നു- 'ഇവൻ വാസ്തവമായും ദൈവപുത്രനായിരുന്നു.'

യേശുവുമായി ബന്ധപ്പെട്ടു തന്റെ രഹസ്യശിഷ്യന്മാരായിരിക്കുകയും പിന്നീടു പരസ്യനിലപാടെടുക്കുകയും ചെയ്ത ചിലരെക്കുറിച്ചാണു നാം ചിന്തിച്ചത്. ചെറിയ ഒരു തുടക്കമായിരുന്നു ഇവരുടേത്. പക്ഷേ തങ്ങളിലെ ചെറിയ ജ്വാലയെ അവർ പറകൊണ്ട് മൂടിക്കെടുത്തിക്കളയാതിരുന്നപ്പോൾ യോഹന്നാൻ സ്നാപകനെക്കുറിച്ചു നാം വായിക്കുന്നതുപോലെ അവർ 'ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കുക' ളായി (യോഹ.5:35) മാറി. നമ്മെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നത് മറ്റൊന്നല്ല: നമ്മിൽ ഒരു ചെറിയ വെളിച്ചമാണോ ഇന്നുള്ളത്? ഈ ലോകത്തിന്റെ കാറ്റുകൾക്കു മുൻപിൽ അതിനെ അണയാതെ സൂക്ഷിക്കുക. എങ്കിൽ അവിടുന്ന് അതിനെ അഗ്നിജ്വാല പോലെ ആളിക്കത്തിക്കും. "അവൻ കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു" എന്നു നാം വായിക്കുന്നു. (എബ്രാ. 1:7) 'അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാർ ആക്കുന്നു' എന്ന ഈ വചനത്തെ ഒന്നു തിരിച്ചിട്ടാൽ അത് 'തന്റെ ശുശ്രൂഷകന്മാരെ അവിടുന്ന് അഗ്നിജ്വാലയാക്കുന്നു' എന്നാണ്. ഇതിനെ ഒരു വാഗ്ദാനവചനമായി നമുക്ക് എടുക്കാം. ഇന്നു നമ്മിൽ നേരിയ വെളിച്ചമേയുള്ളോ? നിരാശപ്പെടേണ്ട. വിശ്വസിക്കുക-നാളെ നമ്മെ അവിടുന്നു പരസ്യമായി പ്രശോഭിക്കുന്ന ഒരു അഗ്നിജ്വാലയാക്കി മാറ്റും. നമ്മിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചെങ്കിൽ അവിടുന്ന് അതു പൂർത്തിയാക്കും. (ഫിലിപ്പ 1:4). അല്പകാര്യങ്ങളുടെ ദിവസത്തെ തുച്ഛീകരിക്കാത്തവനാണല്ലോ നമ്മുടെ കർത്താവ് (സെഖ. 4:10) ആമേൻ.

# How God Prepares a Man for the Ministry

There is something important that Paul emphasised much towards the end of his life: "*Look at my example*", he says, "*see how I lived*" This is what he tells Timothy repeatedly. "*I thank Christ Jesus our Lord who has strengthened me because He considered me faithful, putting me into the ministry*" (*1 Timothy1:12*).

Even though God sovereignly calls people to His ministry, He tests a man before He puts him into the ministry. Paul was tested for a period of 10 years (from *Acts 9* where he was converted to *Acts 13* where he was sent out into the ministry). What was happening to Paul those 10 years? God was watching Paul to see whether he was faithful in his daily life as a Christian. After God tested him for 10 years and saw his faithfulness, then He said, "Now I will send you out to serve Me."

If God calls you He will first test you. I know that God tested me for 16 years (9 of them in full-time Christian work), before He opened up the ministry He had for me – to build new-covenant churches. Don't imagine that as soon as you step out into Christian work, you will have an anointed ministry. God will test you to see whether you are faithful in the little things. If you are faithful in little things, faithful to study His word, faithful with money, faithful with time, faithful in purity, upright, honest, and humbling yourself under the authorities God places over you, then, after 10 years perhaps, He will put you into an effective ministry. When God Himself puts you into a ministry, you will do more in one year than when doing ministry according to your own ideas in 30 years. Paul says, "*He (Christ) put me into the ministry*" (*1 Timothy1:12*). It wasn't any man who ordained Paul. "*Even though I was a blasphemer, a persecutor*" (*1 Timothy1:13*).

God puts converted sinners who were once wicked into the ministry. That is an encouragement to all who have lived a very wicked life in the past. In one of the writings that have come down from the 2nd century, the author says, that Jesus Christ, in order to show that He came not to call the righteous but sinners to repentance, picked up some of the worst sinners of His time to become His apostles. Paul was one of them. "*Christ Jesus came into the world to save sinners among whom I am the greatest*" *(1 Timothy1:15)*.

So God doesn't necessarily pick up those who have been brought up in God-fearing homes and who have lived clean lives always. He does use many like that. But He also picks up those who have lived in the depths of sin. He picks up adulterers, thieves, drunkards and drug addicts, and makes them apostles, to prove that sin in one's unconverted life doesn't disqualify anyone from even becoming an apostle. Paul, the greatest sinner became the greatest apostle. God can do a lot through any of you, if you will repent of your sins and trust Him.

**JEEVA MOZHIKAL** RNI/KERBIL/-2003/21404
December 2016 www.jeevamozhikal.org
Annual Subscription Rs. 100/-

Registered No: KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-11-2016

# ഹൃദയത്തിലെ തെറ്റായ ചിത്രം

ഐക്യരാഷ്ട്ര സംഘടന(യുഎൻ)യുടെ കരുത്തനായ സെക്രട്ടറി ജനറലായിരുന്നു ഡാഗ് ഹാമർ ഷോൾഡ്. അദ്ദേഹത്തിന് ഔദ്യോഗിക ആവശ്യത്തിന്റെ ഭാഗമായി ആഫ്രിക്കയിലെ സാംബിയായിലേക്കു പോകേണ്ടിവന്നു.

യുഎൻ സെക്രട്ടറി ജനറലിനേയും വഹിച്ചുകൊണ്ടു വിമാനം ഉയർന്നു പൊങ്ങി. സാംബിയായിലെ 'നടോള' എന്ന സ്ഥലത്തേക്കായിരുന്നു പോകേണ്ടിയിരുന്നത്. നടോളയിൽ വിമാനം ലാൻഡുചെയ്യുമെന്നും അവിടെനിന്നു ഹാമർ ഷോൾഡ് നിർദ്ദിഷ്ട സ്ഥലത്തേക്കു കാർ മാർഗ്ഗം യാത്ര ചെയ്തുകൊള്ളുമെന്നുമായിരുന്നു പൈലറ്റിനു നൽകിയിരുന്ന നിർദ്ദേശം.

പക്ഷേ മണിക്കൂറുകൾ പലതു പിന്നിട്ടിട്ടും യുഎൻ സെക്രട്ടറി ജനറലിന്റെ വിമാനം നടോളയിൽ എത്തിയില്ല. അദ്ദേഹത്തെ സ്വീകരിക്കാൻ അവിടെ കാത്തുനിന്നവർ നിരാശരായി മടങ്ങി.

വിവരം ഒന്നും ലഭിക്കാതെവന്നപ്പോൾ വിമാനത്തിനുവേണ്ടിയുള്ള തിരച്ചിൽ ആരംഭിച്ചു. ഒടുവിൽ നടോളയിൽ നിന്നും ഏറെ അകലെ കോംഗോയിൽ നടോളോ എന്ന പ്രദേശത്തെ തുറസായ ഒരു സ്ഥലത്തു വിമാനത്തിന്റെ അവശിഷ്ടങ്ങളാണു തിരച്ചിൽ സംഘത്തിനു കണ്ടെത്താൻ കഴിഞ്ഞത്. ഹാമർഷോൾഡും പൈലറ്റും ആ വിമാനദുരന്തത്തിൽ ദാരുണമായി മരിച്ചു.

യുഎൻ സെക്രട്ടറി ജനറലിന്റെ മരണകാരണം കണ്ടെത്താൻ വിദഗ്ധ സംഘം അന്വേഷണം ആരംഭിച്ചു. ഒടുവിൽ വിമാനാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് അവർ പൈലറ്റ് അടയാളപ്പെടുത്തിയ ഭൂപടം കേടുകൂടാതെ കണ്ടെടുത്തു. അതിൽ 'നടോള' എന്നതിനു പകരം 'നടോളോ' എന്ന സ്ഥലമായിരുന്നു പൈലറ്റ് അടയാളപ്പെടുത്തിയിരുന്നത്. നടോള സാംബിയായിലും നടോളോ കോംഗോയിലുമായിരുന്നു. പൈലറ്റ് നടോളയെ നടോളോ എന്നു തെറ്റിദ്ധരിച്ച് കൊണ്ടിറക്കിയത് വിമാനത്താവളമല്ലാത്ത തുറസ്സായ സ്ഥലത്ത്! ലാൻഡിങ്ങിലെ പിഴവുമൂലം വിമാനം കത്തിക്കരിഞ്ഞു- യുഎൻ സെക്രട്ടറി ജനറലും പൈലറ്റും കൊല്ലപ്പെട്ടു! ഒരു നേരിയ അക്ഷരത്തെറ്റു വരുത്തിയ വലിയ ദുരന്തമായി ഈ സംഭവം ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു!

പലർക്കും തങ്ങളെക്കുറിച്ചു തന്നെ തെറ്റായ ഒരു ഭൂപടമാണ് (Map) മനസ്സിലുള്ളത്. ഫലം അവർ തെറ്റായ സ്ഥലത്തുചെന്നിറങ്ങുന്നു. ജീവിതം തന്നെ തകർന്നുപോകുന്നു! സുഹൃത്തേ, താങ്കളുടെ മനസ്സിൽ താങ്കളുടെ ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ചിത്രം എന്താണ്? "സ്വന്ത ഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢൻ... യഹോവയിൽ ആശ്രയിക്കുന്നവനോ പുഷ്ടി പ്രാപിക്കും" (സദൃശവാക്യം 28 : 25, 26).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.